നം.കെ.എസ്.എ.പി.റ്റി.എ.പി-6/266/2019 തീയതി: 30.4.2019

പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 1.4.2017മുതൽ 12.3.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്,<br>ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.03.2019 മുതൽ 25.03.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | ശ്രീ. ജോർജ്ജ് പി മാത്യു, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി ജയപ്രഭ.പി, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മഹേഷ് കുമാർ.കെ.ആർ, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അശ്വതി.വി.നായർ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.എബ്രഹാം (അനിൽ തുണ്ടിയിൽ) | 1.4.2017 മുതൽ 23.5.2017വരെ |

| | |
|---|---|
| ശ്രീമതി ഷൈനി രാജീവ് (ആക്ടിംഗ് പ്രസിഡന്റ്) | 24.5.2017മുതൽ 12.6.2017വരെയും,<br>28.12.2017മുതൽ 23.1.2018വരെയും. |
| ശ്രീ.ബോബി എബ്രഹാം | 13.6.2017മുതൽ 27.12.2017വരെ |
| ശ്രീ.ജോസഫ് കുര്യാക്കോസ് | 24.1.2018മുതൽ 31.3.2018വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.സാമുവേൽ.എസ്.തോമസ് | 1.4.2017 മുതൽ 14.5.2017വരെയും,<br>1.7.2017മുതൽ 4.1.2018വരെയും. |
| ശ്രീ.സുരേന്ദ്രൻ.എൻ(ചാർജ്-അസി.സെക്രട്ടറി) | 15.5.2017മുതൽ 30.6.2017വരെ |
| ശ്രീ.കെ.സന്തോഷ് കുമാർ(ചാർജ്-അസി.സെക്രട്ടറി) | 5.1.2018മുതൽ 21.1.2018വരെ |
| ശ്രീമതി ആർ.ശ്രീലേഖ | 22.1.2018മുതൽ 31.3.2018വരെ |

പ്രളയത്തിൽ നഷ്ടമായ രേഖകൾ

2018 ഓഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ താഴെ പറയുന്ന രേഖകൾ നഷ്ടപ്പെട്ടതായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ രേഖാമൂലം ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്. ആയതിനാൽ താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1. കൃഷി ഓഫീസർ

- ക്യാഷ് ബുക്ക്
    - പ്രോജക്ട് രേഖകൾ
    - സ്റ്റോക്ക് രജിസ്റ്റർ
    - വിതരണ രജിസ്റ്റർ
    - ഗുണഭോക്താക്കളുടെ അപേക്ഷകൾ

2. മെഡിക്കൽ ഓഫീസർ (ഹോമിയോ)

- ക്യാഷ് ബുക്ക്
    - പ്രോജക്ട് രേഖകൾ
    - മരുന്നുകളുടെ ഇൻഡന്റ്

3. വെറ്ററിനറി സർജൻ

- പ്രോജക്ട് രേഖകൾ
- ക്യാഷ് ബുക്ക്

- സ്റ്റോക്ക് രജിസ്റ്റർ
- വിതരണ രജിസ്റ്റർ
- ഗുണഭോക്താക്കളുടെ അപേക്ഷകൾ
- രസീതുബുക്കുകൾ

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2017-18
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2017-18

സൂചിക


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം 1: പൊതു അവലോകനം | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | രസീത് പരിശോധന- അപാകതകൾ | 2-1 |
| 14 | വാടക- അപാകതകൾ | 2-2 |
| 15 | ഡി&ഒ ലൈസൻസ് - പൊതു അപാകതകൾ | 2-3 |
| 16 | ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജോലിക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല | 2-4 |
| 17 | ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാനവശേഷിക്കുന്നു | 2-5 |
| 18 | സ്ഥാപന തൊഴിൽനികുതി ഈടാക്കാനവശേഷിക്കുന്നു | 2-6 |
| 19 | ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല | 2-7 |
| 20 | റീഫണ്ട് ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല | 2-8 |
| | ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 21 | പഞ്ചായത്ത് ഓഫീസ് നവീകരണപ്രവൃത്തി- അധിക തുക പിൻവലിച്ചു | 3-1 |
| 22 | പഞ്ചായത്ത് ഓഫീസ് ക്യാബിൻ നിർമ്മാണം- കാഷ് ബില്ല് പ്രകാരമുള്ള എല്ലായിനങ്ങളും ചെയ്തിട്ടില്ല | 3-2 |
| 23 | ക്രിമറ്റോറിയം നിർമ്മാണം- അനുവദനീയമല്ലാത്ത തുകകൾ കോസ്റ്റ്ഫോർഡിന് അനുവദിച്ചു | 3-3 |
| 24 | കമ്മ്യൂണിറ്റി ലെവൽ ബയോഗ്യാസ് പ്ലാന്റുകൾ- നാളിതുവരെ പ്രവർത്തന സജ്ജമായിട്ടില്ല | 3-4 |
| 25 | നിലവാരം കുറഞ്ഞ കമ്പ്യൂട്ടറുകൾ വാങ്ങിയത് സ്പെസിഫിക്കേഷന് വിരുദ്ധം | 3-5 |
| 26 | അങ്കണവാടികളുടെ നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല | 3-6 |
| 27 | വാട്ടർ ടാങ്ക് വിതരണം- ടെണ്ടർ നടപടികളിൽ സുതാര്യതയില്ല | 3-7 |
| 28 | പട്ടിക ജാതി വിഭാഗക്കാർക്കുള്ള വിവാഹധനസഹായം പദ്ധതിയിൽ ആനുകൂല്യം നൽകിയതിലെ അപാകത | 3-8 |
| 29 | കൺവീനർ പ്രവൃത്തി- വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല | 3-9 |
| 30 | തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ് - അപാകതകൾ | 3-10 |
| 31 | ഓഫീസ് കെട്ടിടങ്ങളുടെ വൈദ്യുത ചാർജ്ജ് കൊമേഴ്സ്യൽ താരിഫിൽ ഈടാക്കുന്നു | 3-11 |
| 32 | പൊതു ടാപ്പുകളുടെ വെള്ളക്കരം - നിലവിലെ കുടിശ്ശിക | 3-12 |

| | | |
|---|---|---|
| | 17.73 ലക്ഷം രൂപ | |
| 33 | അക്കൗണ്ട് മാറി തുക ട്രാൻസ്ഫർ ചെയ്തു | 3-13 |
| 34 | വ്യക്തിഗതാനുകൂല്യ പദ്ധതികൾ - ആദ്യ ഗഡു ധനസഹായം കൈപ്പറ്റി - പണി പൂർത്തീകരിച്ചിട്ടില്ല | 3-14 |
| 35 | മരുന്നുവാങ്ങൽ പദ്ധതികൾ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 3-15 |
| 36 | ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല | 3-16 |
| 37 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കാൻ നടപടികളില്ല | 3-17 |
| 38 | ആശ്രയ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല | 3-18 |
| | ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 39 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 40 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 42 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 46 | ചാർജ്ജ് /സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |



# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 <u>ബഡ്ജറ്റ്</u>

2017-18വർഷത്തെ ബഡ്ജറ്റ് 10.3.17-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകരിക്കുകയും, തുടർന്ന് ഭരണസമിതിയുടെ 24.3.17-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. റിവൈസ്ഡ് ബഡ്ജറ്റ് 20.3.18-ൽ അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |

| | | | | |
|---|---|---|---|---|
| മുന്നിരിപ്പ് | 7253611 | 23416146 | 16162535 | -- |
| വരവ് | 151480000 | 89884326 | -- | 61595674 |
| ആകെ | 158733611 | 113300472 | -- | 45433139 |
| ചെലവ് | 151375800 | 67871546 | -- | 83504254 |
| നീക്കിയിരിപ്പ് | 7357811 | 45428926 | 38071115 | -- |

പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായ വ്യതിയാനം ഉണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. മുൻ വർഷത്തെ വരവ് ചെലവ് കണക്കുകളും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടില്ല. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സെക്രട്ടറി സമർപ്പിച്ചിട്ടില്ല. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചല്ല കരട് ബജറ്റ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയിട്ടുള്ളതെന്ന് ബജറ്റ് കണക്കുകളിലെ വ്യതിയാനങ്ങളിൽ നിന്നും വ്യക്തമാണ്. ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റികളിലും, ജനറൽ കമ്മിറ്റിയിലും വിശദമായ ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച് മിനിട്ട്സിൽ രേഖപ്പെടുത്തൽ ഇല്ല.

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി<br><br>(അപാകത പരിഹരിച്ച് സമർപ്പിച്ചത്) |
|---|---|---|
| 2017-18 | 31.7.2018 | 31.5.2018 |

## 1-3 വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2017-18 വർഷത്തെ വാർഷിക ധനകാര്യപത്രികയ്ക്ക് 13.7.2018-ലെ കെ.എസ്.എ.പി.റ്റി.എ. പി-6/707/18-നമ്പരായി വിശേഷണങ്ങളോടു കൂടിയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇതിൽ സൂചിപ്പിച്ച അപാകതകളിൽ പരിഹരിക്കാൻ അവശേഷിക്കുന്നവ ഖണ്ഡിക 1-12-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| *ഇനം* | *തുക* |
|---|---|
| മുന്നിരിപ്പ് | 23416146 |
| വരവ് | 89884326 |
| ആകെ | 113300472 |
| ചെലവ് | 67871546 |
| നീക്കിയിരിപ്പ് | 45428926 |

# 1-5 ഫണ്ട് വിനിയോഗം

എ) സംസ്ഥാന ഗ്രാന്റുകൾ

| | മുൻ ബാക്കി | ബജറ്റ് പ്രകാരം വകയിരുത്തിയ തുക | തൻവർഷ വരവ്/ അലോട്ട്മെന്റ് തുക | ആകെ | ചെലവ് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 15738000 | 16238000 | 16238000 | 11166013 | 5071987 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3789000 | 3786687 | 3786687 | 2663339 | 1123348 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 204000 | 203917 | 203917 | 77800 | 126117 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7383000 | 7383000 | 7383000 | 7133426 | 249574 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3460000 | 3460000 | 3460000 | 2876368 | 583632 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 8846408 | 7390758 | 7390758 | 2288412 | 5102346 |
| ലോകബാങ്ക് സഹായം | 0 | 0 | 5070393 | 5070393 | 3614281 | 1456112 |

ബി) മറ്റ് ഫണ്ടുകൾ

| | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി (SBI) | 0 | 14509296 (EFMS- 13793365 ഉൾപ്പെടെ) | 14509296 | 14506794 | 2502 |
| ജനറൽ പർപ്പസ് ഫണ്ട് (ട്രഷറി) | 8513259 | 14082824 | 22596083 | 13489035 | 9107048 (Redemption കഴിഞ്ഞുള്ള തുക- (-)857685 |
| തനത് ഫണ്ട് (സർവീസ് സഹകരണ ബാങ്ക്) | 14193965 | 19288061 | 33482026 | 10906350 | 22575676 |

| | | | | | |
|---|---|---|---|---|---|
| ട്രഷറി ജോയിന്റ് വെൻച്വർ | 0 | 575000 | 575000 | 568200 | 6800 (Redemption കഴിഞ്ഞുള്ള തുക- (-)165014 |
| ഇ-പേയ്മെന്റ് അക്കൗണ്ട് | 0 | 88496 | 88496 | 0 | 88496 |
| ബി-ഫണ്ട് | 0 | 30441620 | 30441620 | 30441620 | 0 |
| പൈക്ക | 368805 | 0 | 368805 | 0 | 368805 |

സി) തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷ വരവ് | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 8464297 | 10633689 | (-)2169392 |
| നികുതിയേതര വരവുകൾ | 6110122 | 6635384 | (-)525262 |
| മറ്റ് വരവുകൾ | 8973388 | 273080 | (+)8700308 |
| ആകെ | 23547807 | 17542153 | (-)6005654 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 215 | 76427124 | 154 | 37699113 | 61 | 49.3% |

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്ടുകൾ* | | *നടപ്പാക്കിയ പ്രോജക്ടുകൾ* | | |
|---|---|---|---|---|---|
| | *എണ്ണം* | *അടങ്കൽ തുക* | *എണ്ണം* | *ചെലവ് തുക* | *ചെലവ് ശതമാനം* |
| ഉല്പാദനം | 17 | 7789061 | 10 | 2981346 | 38.3 |
| സേവനം | 111 | 26917013 | 84 | 16833960 | 62.5 |
| പശ്ചാത്തലം | 87 | 41721050 | 60 | 17883807 | 42.9 |
| ആകെ | 215 | 76427124 | 154 | 37699113 | 49.3 |

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പദ്ധതികൾ* | *നടപ്പാക്കിയ പദ്ധതികൾ* | *വകയിരുത്തിയ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 25 | 13 | 12033384 | 3558522 | 29.6 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 1762820 | 1421847 | 80.66 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 126 | 90 | 38950533 | 17803720 | 45.71 |
| വി.ഇ.ഒ | 16 | 12 | 9278950 | 5510500 | 59.39 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 5 | 1144300 | 1121106 | 97.97 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 400000 | 400000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 8 | 5644600 | 4033225 | 71.45 |
| കൃഷി ഓഫീസർ | 5 | 5 | 2227060 | 1342346 | 60.27 |
| വെറ്ററിനറി സർജൻ | 5 | 4 | 2324000 | 1239000 | 53.31 |
| ഹെഡ് മാസ്റ്റർ | 10 | 6 | 2061477 | 668847 | 32.45 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 400000 | 400000 | 100 |
| ആകെ | 215 | 154 | 76427124 | 37699113 | 49.3 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| *ഇനം* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 715931 | 715931 | 713429 | 2502 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 13793365 | 13793365 | 13793365 | 0 |
| ആകെ | 0 | 14509296 | 14509296 | 14506794 | 2502 |

# 1-8 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | പെൻഷൻ ഇനത്തിലെ ചെലവ് |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 104 | 1215400 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 1270 | 16664300 |
| ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള | 258 | 3241000 |

| | | |
|---|---|---|
| പെൻഷൻ | | |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 11 | 159800 |
| വിധവാ പെൻഷൻ | 761 | 9188300 |
| തൊഴിൽ രഹിത വേതനം | 16 | 9120 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.3.19-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 64850രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

1. പൊതുനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും, മുൻവർഷത്തെ ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ ജീവനക്കാരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട്.(പ്രത്യേകിച്ചും ബിൽഡിംഗ് പെർമിറ്റിന്റെ കാര്യത്തിൽ). ഫയലുകളും രേഖകളും വർഷം തിരിച്ച് കൃത്യമായി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ, പേഴ്സണൽ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിലും ജീവനക്കാരുടെ ഭാഗത്ത് അലംഭാവം ഉണ്ടായിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ഐ.എസ്.ഓ സർട്ടിഫിക്കേഷൻ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

2. അക്കൗണ്ടിംഗ് സംവിധാനം

ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എന്നാൽ വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല. കൂടാതെ, നാളിതുവരെ ആർജ്ജിച്ച ആസ്തികളുടെ ശരിയായ മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3. രജിസ്റ്ററുകളുടെ പരിപാലനം

(എ) ആസ്തി രജിസ്റ്റർ

രജിസ്റ്ററുകളുടെ പരിപാലനം പൊതുവെ തൃപ്തികരമാണ്. എന്നാൽ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ട് വർഷങ്ങളായി. ആസ്തിരജിസ്റ്ററിൽ 2010വർഷം വരെയുള്ള വിവരങ്ങളേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ആസ്തിരജിസ്റ്ററിൽ നാളിതുവരെയുള്ള വിവരങ്ങൾ കൃത്യമായി ഉൾപ്പെടുത്തേണ്ടതും, 26-7-11-ലെ ജി.ഓ(എം.എസ്)152/11/ ത.സ്വ.ഭ.വ- ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആസ്തികളുടെ കൃത്യമായ അക്കൗണ്ടിംഗ് നടത്തേണ്ടതുമാണ്.

(ബി) സ്റ്റോക്ക് രജിസ്റ്റർ

ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല. സാധനങ്ങൾ വാങ്ങുന്നതിന്റെ വിവരം ചേർക്കുന്നുണ്ടെങ്കിലും, ഓരോയിനവും പ്രത്യേകം പേജിൽ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതിനു പകരം ഇടകലർത്തി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ കേരള ഫിനാൻഷ്യൽ കോഡിലെ നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഒറ്റ രജിസ്റ്ററിൽ തന്നെ എല്ലാ വാങ്ങലുകളുടെയും വിവരം ചേർക്കുകയാണ് ചെയ്തുവരുന്നത്. പുതിയ വാങ്ങലുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന സാക്ഷ്യപത്രം ബില്ലുകളുടെ ഓഫീസ് കോപ്പിയിൽ എഴുതുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ ഫിനാൻഷ്യൽ കോഡിലെയും പ്രൊക്യൂർമെന്റ് മാനുവലിലെയും നിബന്ധനകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (കെ.എഫ്.സി. വോള്യം-1, ചാപ്റ്റർ-6, 20.08.2016-ലെ ജി.ഒ.(ആർ.ടി.) നം.2487/16/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാനുവൽ ഖണ്ഡിക 4.1.4.3 )

4. ജനറൽ കമ്മറ്റി

പഞ്ചായത്ത് കമ്മറ്റിയിൽ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾ, പൊതുജനങ്ങൾക്കുള്ള വിവിധ സേവനങ്ങൾ ലഭ്യമാക്കൽ മുതലായ വിവിധ വിഷയങ്ങളെപ്പറ്റി വിശദമായ ചർച്ചകൾ നടക്കുന്നുണ്ട് എന്ന് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 18.8.17മുതൽ മിനിറ്റ്സ് സകർമ്മ സോഫ്റ്റ്-വെയറിൽ തയ്യാറാക്കുന്നുണ്ട്.

5. ഗ്രാമസഭ

പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. പരമാവധി ആളുകളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമസഭാ കൺവീനർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഗ്രാമസഭയിൽ ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുന്നില്ല എന്ന് മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു.

അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനും ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും അതുവഴി ജനങ്ങളുടെ പങ്ക് പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ ഉണ്ടാകുന്നതിനും പഞ്ചായത്ത് ജനപ്രതിനിധികളും അധികൃതരും ശ്രദ്ധിക്കേണ്ടതാണ്.

6. വർക്കിംഗ് ഗ്രൂപ്പുകൾ

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ക്രിയാത്മകമായ ചർച്ചകളൊന്നും വർക്കിംഗ് ഗ്രൂപ്പിൽ നടക്കുന്നില്ല എന്ന് മിനിറ്റ്സിൽ നിന്നും വ്യക്തമാകുന്നു. ഭാവിയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള നൂതന പ്രൊജക്ടുകളൊന്നും തന്നെ തൻവർഷം ആവിഷ്കരിച്ചിട്ടില്ല. എല്ലാ വർഷവും സ്ഥിരമായി നടപ്പാക്കുന്ന പ്രൊജക്ടുകൾ തന്നെയാണ് വീണ്ടും ആവിഷ്കരിക്കുന്നത്. പ്രൊജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 1.3.19 | 1/2019 | 2.3.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.1.14മുതൽ 12.2.14വരെ | 2008-09മുതൽ 2012-13വരെ | 3.4.14 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടതും, നാളിതുവരെയായും പരിഹരിക്കാത്തതുമായ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. വസ്തു നികുതിയുടെ ഡിമാന്റ്, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയറിലെ തുകകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. RP-40(b)- ഷെഡ്യൂളിൽ "പൈക്ക" അക്കൗണ്ടിൽ (SBTതോട്ടമൺ) 368805രൂപ ബാലൻസായി ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഈ തുക 24.2.2012-ൽ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക തന്നെയാണ്. പിന്നീടുള്ള തുകകളുടെ വിവരങ്ങൾ പാസ്സ്ബുക്കിൽ രേഖപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടില്ല. 31.3.18-ലെ നീക്കിയിരിപ്പു തുക ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതും എഎഫ്.എസ്-ൽ മാറ്റം വരുത്തേണ്ടതുമാണ്.

3. RP-34- ഷെഡ്യൂളിൽ "Bidders EMD Deposit" എന്ന ശീർഷകത്തിൽ വരവായി 163000രൂപയും, റീഫണ്ട് തുകയായി 155000രൂപയും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് യഥാക്രമം 223000രൂപ, 215000രൂപ എന്നിങ്ങനെയാണ്. കൂടാതെ, "Auction deposit" എന്ന ശീർഷകത്തിൽ വരവായി 55000രൂപയാണ്

ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് 83210രൂപ എന്നാണ്. വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

4. തൻവർഷത്തെ വാടകയിനത്തിൽ 235418രൂപയും വാടകക്കുടിശ്ശികയിനത്തിൽ 631656രൂപയും ഈടാക്കാൻ അവശേഷിക്കുന്നതായി വാർഷിക ധനകാര്യപത്രികയിൽ കാണിച്ചിരിക്കുന്നു. ഇവ ഏതൊക്കെ മുറികളുടേതാണെന്ന വിവരവും കുടിശ്ശികത്തുകയുടെ വർഷം തിരിച്ചുള്ള കണക്കും ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.17/21.03.2019) മുൻവർഷങ്ങളിൽ വാർഷിക ധനകാര്യപത്രികയിൽ കുടിശ്ശികതുക തെറ്റായി രേഖപ്പെടുത്തിയതിനാൽ വാടകക്കുടിശ്ശികയിനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക കൂടുതലാണെന്നും നിലവിൽ 185000രൂപയാണ് വാടകകുടിശ്ശിക ഈടാക്കാനുള്ളതെന്നും സെക്രട്ടറി മറുപടി നൽകി. എന്നാൽ ഈ തുക ഏതൊക്കെ മുറികളുടേതാണെന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് പരിശോധന- അപാകതകൾ

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഇഷ്യൂ ചെയ്ത രസീതുബുക്കുകൾ പരിശോധിച്ച വേളയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ ബാക്കിവരുന്ന മാന്വൽ രസീതുകൾ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.(ഉദാ. കൃഷി ഓഫീസർക്ക് നൽകിയ രസീത് ബുക്ക് നം.17940). കൂടാതെ, അസി.എഞ്ചിനീയർ 2017-18-ൽ ഉപയോഗിച്ച രസീത് ബുക്ക് തന്നെയാണ് 2018-19വർഷവും ഉപയോഗിച്ചിരിക്കുന്നത്. പഞ്ചായത്ത് ഓഫീസിൽ ഉപയോഗിക്കുന്ന സാംഖ്യ രസീതുകളും മാന്വൽ രസീതുകളും ഉൾപ്പെടെ ക്യാൻസൽ ചെയ്ത രസീതുകളെല്ലാം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. നിർവഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്ന രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.

## 2-2 വാടക- അപാകതകൾ

(എ) വാടക ഈടാക്കാനവശേഷിക്കുന്നു

ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, താഴെപ്പറയുന്ന വാടകക്കാരിൽ നിന്നും 2017-18 വർഷത്തെ വാടക ഈടാക്കാനവശേഷിക്കുന്നതായി വ്യക്തമായിട്ടുണ്ട്.

| ക്രമ നം. | റൂം നമ്പർ | വാടകക്കാരന്റെ പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|
| മാർക്കറ്റ് സ്റ്റാൾ | | | | |
| 1 | D 1 | രാജു തടത്തിൽ | 2017-18 | 53021 |
| 2 | H 1 | ബാബു മോടിയിൽ | 2017-18 | 18619 |
| 3 | J 3 | വിൽസൺ.കെ.മാത്യു | 2014-15മുതൽ 2017-18വരെ | @1883 |
| 4 | കെട്ടിടം I റൂം നം. 5 | രാജമ്മ തങ്കപ്പൻ | 2017-18 | 1875 |
| 5 | താത്കാലിക സ്റ്റാൾ | സലിം ഇസ്മയിൽ | 2017-18 | 6600 |
| ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | | | | |

| | | | | |
|---|---|---|---|---|
| 6 | റൂംനമ്പർ 18 | കെ.ഡി.ജയിംസ് | 03/2018 | 5296 |
| 7 | റിക്രിയേഷൻ ക്ലബ് -3 | പി.ആർ.പ്രകാശ് | 06/2017 - 03/2018 | 118210 |
| ആകെ | | | | 205504 |

ഇവരിൽ നിന്നും വാടക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, ഇല്ലായെങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.17/21.03.2019) ക്രമ നമ്പർ-3 ഒഴികെയുള്ളവയ്ക്ക് റവന്യൂ റിക്കവറി നോട്ടീസ് നൽകിയതായി സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. ക്രമനമ്പർ-3 മുറിയിൽ വ്യാപാരം ഇല്ലാത്തതിനാൽ അടച്ചിട്ടിരിക്കുകയാണെന്നും ആയതിനാൽ 2014-15മുതൽ 2017-18വരെയുള്ള കുടിശ്ശിക ഒഴിവാക്കുന്നതിന് 23.08.2016-ൽ കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ടി മുറിയുടെ 2017-18വർഷത്തെ വാടകക്കുടിശ്ശിക സംബന്ധിച്ച് ഭരണസമിതി തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ലാത്തതിനാൽ തുക ഈടാക്കേണ്ടതും കടമുറി നിയമാനുസൃതമായി ലേലം ചെയ്ത് വാടകയ്ക്ക് നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

വാർഷിക ധനകാര്യപത്രിക പ്രകാരം തൻവർഷത്തെ വാടകയിനത്തിൽ 235418രൂപയും വാടകക്കുടിശ്ശികയിനത്തിൽ 631656രൂപയും ഈടാക്കാൻ അവശേഷിക്കുന്നുണ്ട് . ഇവ ഏതൊക്കെ മുറികളുടേതാണെന്ന വിവരവും കുടിശ്ശികത്തുകയുടെ വർഷം തിരിച്ചുള്ള കണക്കും ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.17/21.03.2019) മുൻവർഷങ്ങളിൽ വാർഷിക ധനകാര്യപത്രികയിൽ കുടിശ്ശികതുക തെറ്റായി രേഖപ്പെടുത്തിയതിനാൽ വാടകക്കുടിശ്ശികയിനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക കൂടുതലാണെന്നും നിലവിൽ 185000രൂപയാണ് വാടകകുടിശ്ശിക ഈടാക്കാനുള്ളതെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതൊക്കെ മുറികളുടേതാണെന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് . കുടിശ്ശികയിനത്തിൽ ഈടാക്കാനുള്ള തുക സംബന്ധിച്ച് കൃത്യമായ രജിസ്റ്റർ തയ്യാറാക്കി ആയത് ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഷിക ധനകാര്യപത്രികയിൽ വാടകക്കുടിശ്ശികയിനത്തിലെ തുക കൃത്യമാക്കേണ്ടതാണ്.

(ബി) <u>കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു</u>

മാർക്കറ്റ് സ്റ്റാളിലെ റൂം നമ്പർ ഐ-1, ഐ-5, കെട്ടിടം-1 റൂം നമ്പർ-4, കെട്ടിടം-II റൂം നമ്പർ-3, 4, ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ-8 എന്നിവ 2017-18 വർഷവും നിലവിലും ഒഴിഞ്ഞുകിടക്കുന്നു. കടമുറികൾ വാടകയ്ക്ക് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

(സി) <u>അഗ്രോ സെന്ററിന്റെ വാടക ഈടാക്കുന്നില്ല</u>

ഗ്രാമപ്പഞ്ചായത്തിലെ പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ റും നമ്പർ-2 റാന്നി അഗ്രോ സെന്ററിന് പച്ചക്കറി വ്യാപാരം നടത്തുന്നതിനായി നൽകിയിരുന്നു. പി.ഡബ്ലൂ.ഡി നിശ്ചയിക്കുന്ന വാടക അഗ്രോ സെന്ററിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ചു. വാടക നിശ്ചയിച്ചു കിട്ടാത്തതിനാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാടക ഈടാക്കി തുടങ്ങിയിട്ടില്ല എന്ന് 2016-17 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും 2017-18 വർഷവും വാടക നിശ്ചയിച്ച് ഈടാക്കിയതായി രേഖകൾ ഇല്ല. വാടക നിശ്ചയിച്ചു കിട്ടാത്ത സാഹചര്യത്തിൽ ഒരു ടോക്കൺ തുക വാടകയായി നിശ്ചയിക്കേണ്ടതും ആയത് ഈടാക്കുവാൻ ഗ്രാമപ്പഞ്ചായത്തിന് നടപടികൾ സ്വീകരിക്കാവുന്നതുമാണെന്ന ഓഡിറ്റ് നിർദ്ദേശവും നടപ്പിലാക്കിയിട്ടില്ല. ടി മുറിയുടെ വാടക കുടിശ്ശിക സഹിതം ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ഡി) <u>വാടകക്കാരുമായി കൃത്യമായ കരാർ ചമയ്ക്കുന്നില്ല</u>

ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോപ്ലക്സുകൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവയിലെ കടമുറികൾ വാടകയ്ക്ക് നല്കുന്നുണ്ട്. എല്ലാ വർഷവും വാടക 5 % നിരക്കിൽ വർദ്ധിപ്പിച്ച് നൽകുകയാണ് ചെയ്യുന്നത്. എന്നാൽ ഈ വാടകക്കാരുമായി നിയമാനുസൃതം കരാർ ചമച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാടക പുതുക്കുന്നതിനനുസരിച്ച് ഡെപ്പോസിറ്റ് തുകയിലും മാറ്റം വരുത്തി ഈടാക്കുന്നതിനും വാടകക്കാരുമായി നിയമാനുസൃതം കരാർ ചമയ്ക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ് - പൊതു അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം-10 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പായി പഞ്ചായത്തിൽ സമർപ്പിച്ച് ലൈസൻസ് നേടേണ്ടതാണ്. എന്നാൽ 2017-18 വർഷം ലൈസൻസ് എടുത്തിട്ടുള്ള 525 സ്ഥാപനങ്ങളിൽ 99 എണ്ണം മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി ലൈസൻസ് പുതുക്കിയിട്ടുള്ളത്. മറ്റുള്ള സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതുവരെ നിയമവിരുദ്ധമായാണ് പ്രവർത്തിച്ചിരുന്നത്. വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കുന്നുവെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം, ഒരു ദിവസത്തെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II-ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് സ്ഥാപനത്തിന്റെ ലൈസൻസ് ഫീ ഈടാക്കേണ്ടത്. എന്നാൽ ഭൂരിപക്ഷം അപേക്ഷകളിലും ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. സ്ഥാപനങ്ങളിൽ നിന്നും മുൻ വർഷം ഈടാക്കിയ തുക തന്നെ ലൈസൻസ് ഫീസായി തുടർന്നും ഈടാക്കിപ്പോരുകയാണ് ചെയ്യുന്നത്. തുടർന്നുള്ള വർഷങ്ങളിൽ ലൈസൻസ് നൽകുമ്പോൾ കൃത്യമായ വിറ്റുവരവിന് ആനുപാതികമായ ഫീസ് ഈടാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ടി വിഷയം മോണിറ്റർ ചെയ്യേണ്ടതാണ്.

## 2-4 ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജോലിക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല

ഡി&ഓ ലൈസൻസിനായുള്ള അപേക്ഷകളിൽ രേഖപ്പെടുത്തിയ എണ്ണത്തിനനുസരിച്ച് ജോലിക്കാരിൽ നിന്നും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള റിട്ടേൺ വാങ്ങുകയോ അവരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്യുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജോലിക്കാരുടെ എണ്ണം |
|---|---|---|
| 1 | മാതാ സിൽക്ക് ഹൗസ്, റാന്നി | 20 |
| 2 | കൈരളി ഓട്ടോ സൊല്യൂഷ്യൻസ്, കരികുളം | 18 |
| 3 | ജെ.ജെ.ഡിസ്ട്രിബ്യൂട്ടേഴ്സ്, റാന്നി | 12 |
| 4 | ക്യാപിറ്റൽ പ്യവർ പ്ലാസ്റ്റ് | 8 |
| 5 | മാർജിൻ ഫ്രീ മാർക്കറ്റ്, റാന്നി | 8 |
| 6 | സ്റ്റാർ മോട്ടോഴ്സ് | 7 |
| 7 | ഉഷസ് ഓട്ടോ ഫ്യൂവൽസ് | 5 |
| 8 | ഇൻസ് ഫ്യൂവൽസ് | 5 |
| 9 | താമറത്ത് എഞ്ചിനീയറിംഗ് | 5 |
| 10 | വലിയപറമ്പിൽ ബ്രിക്സ് വർക്സ് | 5 |
| 11 | ബുക്ക് ഹൗസ് | 5 |
| 12 | പനവേലിൽ ഹാർഡ് വെയേഴ്സ് | 5 |
| 13 | റാന്നി സിറ്റി സെന്റർ | 4 |
| 14 | മിനി ഹോം ഗാലറി | 4 |
| 15 | എ.കെ.ട്രേഡേഴ്സ് | 4 |

നിലവിലുള്ള നിയമത്തിലും ചട്ടങ്ങളിലും പറഞ്ഞിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാനവശേഷിക്കുന്നു

തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ, താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തിൽ തൊഴിൽനികുതി ഈടാക്കാനവശേഷിക്കുന്നതായി വ്യക്തമായി.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്,റാന്നി (ബ്രാഞ്ച്-2) | രണ്ടാം അർദ്ധവർഷം |
| 2 | ഇൻഡസ് ബാങ്ക്, മാമുക്ക് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | വളഞ്ഞംതുരുത്തിയിൽ ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | പോപ്പുലർ വെഹിക്കിൾ & സർവീസസ് ലിമിറ്റഡ്, റാന്നി | ഒന്നാം അർദ്ധവർഷം |
| 5 | പോസ്റ്റോഫീസ്, ഐത്തല | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | പോസ്റ്റോഫീസ്, കരികുളം | രണ്ടാം അർദ്ധവർഷം |
| 7 | മുളമൂട്ടിൽ ബാങ്ക്, മക്കപ്പുഴ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | മുളമൂട്ടിൽ ബാങ്ക്, മന്ദമരുതി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കൃത്യമായ പേരുവിവരങ്ങളും വരുമാന വിവരങ്ങളും ശേഖരിക്കേണ്ടതും, തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-6 സ്ഥാപന തൊഴിൽനികുതി ഈടാക്കാനവശേഷിക്കുന്നു

തൊഴിൽനികുതിപിരിവുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, റാന്നി (ബ്രാഞ്ച്-2) | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | എച്ച്.ഡി.എഫ്.സി ബാങ്ക് ലിമിറ്റഡ്, റാന്നി | ,, |
| 3 | ഇൻഡസ് ബാങ്ക്, മാമുക്ക് | ,, |
| 4 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, റാന്നി | ,, |

| | | |
|---|---|---|
| 5 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, മന്ദമരുതി | ,, |
| 6 | വളഞ്ഞംതുരുത്തിയിൽ ഫിനാൻസ് | ,, |
| 7 | മുളമൂട്ടിൽ ബാങ്ക്, മക്കപ്പുഴ | ,, |
| 8 | മുളമൂട്ടിൽ ബാങ്ക്, മന്ദമരുതി | ,, |

ഈ സ്ഥാപനങ്ങളിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലേയും സ്ഥാപനതൊഴിൽനികുതിയിനത്തിൽ 2500രൂപ വീതം (ആകെ നഷ്ടം- 2500X8=20000രൂപ) ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തിയുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ കരാറുകാർ ഒടുക്കിയ തുകകൾ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/2015/ഫിൻ തീ.5/1/15 പ്രകാരം ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% കുറഞ്ഞത് 500രൂപയാണ്. 2017-18വർഷത്തെ താഴെ പറയുന്ന പ്രവൃത്തികളിലെ ടെണ്ടർ ഫീസാണ് തിരികെ ലഭിക്കാനുള്ളത്.

| പ്രവൃത്തി | ടെണ്ടർഫീസ്+ GST | ആകെ തുക |
|---|---|---|
| S.155/17-18, ഇട്ടിയപ്പാറ ബസ്റ്റാന്റ് പുനരുദ്ധാരണം | @2500+300 (1ടെണ്ടർ) | 2800 |
| S.158/17-18, ക്രിമറ്റോറിയം സംരക്ഷണഭിത്തി നിർമ്മാണം | @1000+120 (1ടെണ്ടർ) | 1120 |
| S.205/17-18, ഇട്ടിയപ്പാറ ബസ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷൻ മെയിന്റനൻസ് | @2500+300 (2ടെണ്ടറുകൾ) | 5600 |
| S.224/17-18, മാർക്കറ്റ് നവീകരണം | @1000+120 (1ടെണ്ടർ) | 1120 |
| S.238/17-18, അംഗൻവാടി നം.46 നവീകരണം | @1400+168 (1ടെണ്ടർ) | 1568 |
| S.149/17-18, ചവരുപാറ ഒഴവൻപാറ റോഡ് കോൺക്രീറ്റിംഗ് | @1500+180 (2ടെണ്ടറുകൾ) | 3360 |
| ആകെ | | 15568 |

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ വാങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തിൽ വരവ് വന്ന തുകകൾ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും ജി.എസ്.ടി ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്കേണ്ടതുമാണ്.

## 2-8 റീ ഫണ്ട് ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 56 (ബി) പ്രകാരം ഡെപ്പോസിറ്റ് ഇനത്തിലും, ഇ.എം.ഡി ഇനത്തിലും വരവ് വന്ന തുകകൾ കരാർ കാലാവധി അവസാനിച്ച് മൂന്ന് വർഷത്തിലധികമായി റീഫണ്ട് ചെയ്യാതെ വരുമ്പോൾ അവ പഞ്ചായത്ത് കമ്മിറ്റി അംഗീകാരത്തോടെ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വർഷങ്ങളായി റീഫണ്ട് ചെയ്യാത്ത തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | റീഫണ്ട് ചെയ്യാത്ത തുക |
|---|---|
| 2011-12 | 523200 |
| 2012-13 | 458855 |
| 2013-14 | 121718 |
| 2014-15 | 348925 |
| 2015-16 | 70000 |
| ആകെ | 1522698 |

കരാർ കാലാവധി പരിശോധിച്ച് പ്രസ്തുത തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് ഓഫീസ് നവീകരണപ്രവൃത്തി- അധിക തുക പിൻവലിച്ചു

| | |
|---|---|
| പ്രൊജക്ട് നം. | S.190/16-17 (SO.132/17-18) |
| അടങ്കൽ തുക | രൂ.1300000 (ലോകബാങ്ക് വിഹിതം-1142225+ തനത് ഫണ്ട്-157775) |
| ചെലവു തുക | രൂ.1152877 (ബിൽ നം. 51/17.2.18- രൂ.1142225+<br>ചെക്ക് നം. 1758466/21.2.18- രൂ.10652) |
| കരാറുകാരൻ | ശ്രീ.ടോണി കുര്യൻ, കോക്കാട്ട് മുണ്ടക്കൽ, എരുമേലി |
| എം.ബുക്ക് നം. | 60/16-17 |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പ്രൊജക്ടിൽ എം.ബുക്കിലും വർക്ക് ബില്ലിലും തുക തെറ്റായി രേഖപ്പെടുത്തി അധികമായി 156099രൂപ പിൻവലിച്ചിട്ടുണ്ട്. ഐറ്റം നം. 31-ൽ (Providing and laying vitrified tiles in different sizes with water absorption less than 0.08% and conforming to I.S.15622, of approved make, in all colours & shade, in skirting, riser of steps, over 12mm thick bed of cement mortar 1:3, including grouting the joint with white cement & matching pigments etc. Complete- size of tile 600X600mm) 1.555m2 ഭാഗം മാത്രം ചെയ്തതിന് 1753.023/m2 എന്ന നിരക്കിൽ 2725.95രൂപ അനുവദിക്കേണ്ടതിനു പകരം 158825.63രൂപ എന്ന് തെറ്റായി

രേഖപ്പെടുത്തി. ആയതു പ്രകാരം അധികമായി 156099രൂപ പിൻവലിച്ചു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | അളവ്, അനുവദിച്ച തുക | യഥാർത്ഥ തുക | അധിക തുക |
|---|---|---|---|
| ഐറ്റം നം.31 പ്രകാരമുള്ള തുക | 1.555m2 @1753.023/m2<br>= 158825.63 | 2725.95 | 156099 |
| ആകെ പ്രവൃത്തിമൂല്യം | 1152877 | 996778 | 156099 |
| (-)ആദായനികുതി | 11529 | 9968 | 1561 |
| (-)തൊഴിലാളി ക്ഷേമനിധിവിഹിതം | 11529 | 9968 | 1561 |
| കരാറുകാരനുള്ള തുക | 1129819 | 976842 | 152977 |

ആദായനികുതി, നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം എന്നീയിനങ്ങളിൽ 1561രൂപ വീതം അധികമായി ഒടുക്കുവരുത്തിയിട്ടുണ്ട്. കരാറുകാരന് പ്രതിഫലം നൽകിയപ്പോൾ 152977രൂപ അധികമായി നൽകിയിട്ടുമുണ്ട്. (ആകെ-156099രൂപ). ടി തുകകൾ ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്.

പ്രസ്തുത പ്രവൃത്തിയുടെ വർക്ക് ബില്ലും എം.ബുക്കിലെ മെഷർമെന്റും രേഖപ്പെടുത്തിയിരിക്കുന്നത് അസി.എഞ്ചിനീയർ ശ്രീ.പ്രവീൺകുമാറും, ട്രഷറി ബില്ലും പ്രൊസീഡിംഗ്സും തയ്യാറാക്കിയത് അസി.എഞ്ചിനീയർ ശ്രീമതി അനിതാകുമാരിയും, ബില്ല് മാറി കരാറുകാരന് (ശ്രീ.ടോണി കുര്യന്) തുക നൽകിയത് ശ്രീ.ശ്രീറാം(ഓവർസിയർ- അസി.എഞ്ചിനീയർ ഇൻ ചാർജ്)- ഉം ആണ്. മാത്രവുമല്ല, എം.ബുക്കിൽ 158825.63രൂപ എന്ന് റൗണ്ട് ചെയ്യ് തെറ്റായി എഴുതിയത് റാന്നി ബ്ലോക്ക് അസി.എക്സി.എഞ്ചിനീയർ ശ്രീമതി ലത.എം.എസ് ആണ്. പ്രസ്തുത ഗുരുതരമായ ക്രമക്കേട് സംബന്ധിച്ച് മേൽപറഞ്ഞ 4പേരിൽ നിന്നും വിശദീകരണം ലഭ്യമാക്കുന്നതിനും തുക തിരികെ ഒടുക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.18/22.3.19) മറുപടിയായി, എൻക്വയറി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അയച്ചു കൊടുക്കുന്നതാണെന്നും വിശദീകരണം വാങ്ങി ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്നും മാത്രമാണ് നിലവിലെ അസി.എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്.

ടി സാഹചര്യത്തിൽ, അധികമായി നൽകിയ തുക കരാറുകാരനിൽ നിന്നും(പലിശ സഹിതം) ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും(നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, ആദായനികുതി വകുപ്പ്) തിരികെ ഈടാക്കി ഒടുക്കാത്തപക്ഷം, നഷ്ടം മേൽപറഞ്ഞ 4 ഉദ്യോഗസ്ഥരിൽ നിന്നും പലിശ സഹിതം ഈടാക്കേണ്ടതാണ്.

## **3-2** പഞ്ചായത്ത് ഓഫീസ് ക്യാബിൻ നിർമ്മാണം- കാഷ് ബില്ല് പ്രകാരമുള്ള എല്ലായിനങ്ങളും ചെയ്തിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം. | S.210/16-17 (SO.114/17-18) |
| അടങ്കൽ തുക | രൂ.1332325 (ലോകബാങ്ക് ധനസഹായം) |
| ചെലവു തുക | രൂ.1332325 (1056000-ബിൽ നം.19/14.9.17,<br>276325-ബിൽ നം.28/15.12.17) |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

പഞ്ചായത്ത് ഓഫീസിലും അസി.എഞ്ചിനീയറുടെ ഓഫീസിലും ക്യാബിൻ നിർമ്മിക്കുന്നതിനും ഫർണിച്ചർ സപ്ലൈ

ചെയ്യുന്നതിനായി KADCO മുഖേന നിർവ്വഹിച്ചിരിക്കുന്ന പ്രസ്തുത പ്രൊജക്റ്റ് പ്രകാരം 1332325രൂപ ചെലവഴിച്ചു. എന്നാൽ സ്ഥാപനം നൽകിയ കാഷ് ഇൻവോയ്സ് പ്രകാരമുള്ള(നം.183/29.3.17) എല്ലായിനങ്ങളും പഞ്ചായത്ത് ഓഫീസിൽ ചെയ്തിട്ടില്ല എന്ന് ഭൗതിക പരിശോധനയിൽ വ്യക്തമായി. ആകെ 26ഇനങ്ങൾ നിർവ്വഹിച്ചതായാണ് കാഷ് ഇൻവോയ്സിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ചുവടെ പറയുന്ന 4ഇനങ്ങൾ ചെയ്തിട്ടില്ല എന്നാണ് ഭൗതിക പരിശോധനയിൽ വ്യക്തമായിട്ടുള്ളത്.

| ക്രമ നം. | ഇനം | യൂണിറ്റ് വില | എണ്ണം | ആകെ തുക | നികുതി | ആകെ |
|---|---|---|---|---|---|---|
| 11 | Front office Table of size 200X60X75 (18mmX12mm A-Grade Rub wood) | 18000 | 1 | 18000 | 2610 | 20610 |
| 12 | Despatch table of size 150X60X75 (A-Grade Rub wood) | 13500 | 1 | 13500 | 1958 | 15458 |
| 13 | Head Clerk Cabin Partition (400X30- made up of 8mm etched glass on frame) | 11000 | 1 | 11000 | 1595 | 12595 |
| 21 | Overseer & Clerk Cabin Partition (380X30 made up of 8mm etched glass on frame) | 9800 | 3 | 29400 | 4263 | 33663 |
| | | | | | ആകെ | 82326 |

ആയതു സംബന്ധിച്ച് പ്രൊജക്റ്റ് നിർവ്വഹിച്ച അസി.എഞ്ചിനീയറിൽ നിന്നും വിശദീകരണം ലഭ്യമാക്കുന്നതിനും, സാമഗ്രികളെല്ലാം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനും ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു(നം.19/22/3/19). പരാമർശം ബന്ധപ്പെട്ട എഞ്ചിനീയർക്ക് അയച്ചുകൊടുത്ത് വിശദീകരണം ലഭ്യമാക്കുന്നതാണെന്നാണ് നിലവിലെ അസി.എഞ്ചിനീയർ മറുപടി നൽകിയത്. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ, മേൽപറഞ്ഞ സാധനസാമഗ്രികൾ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല എന്നും, ഇവ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ളതായി പ്രാഥമിക പരിശോധനയിൽ കാണുന്നില്ല എന്നുമാണ് ഓഡിറ്റിൽ അറിയിച്ചിട്ടുള്ളത്.

26ഇനങ്ങളും പഞ്ചായത്തിൽ സ്ഥാപിച്ചതായി അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ, സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യാതെയാണ് കാഡ്കോയ്ക്ക് മുഴുവൻ തുകയും നൽകിയത്.(1056491രൂപയുടെ ഉപകരണങ്ങൾ ലഭ്യമായതായും 1056000രൂപയുടെ പാർട്ട് ബില്ല് നൽകാവുന്നതാണെന്നും പ്രവൃത്തിയുടെ ഏതോ ഒരു ഘട്ടത്തിൽ അസി.എഞ്ചിനീയർ കാഷ് ബില്ലിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്). എൽ.എസ്.ജി.ഡി വിഭാഗത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിലോ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിലോ ഉപകരണങ്ങൾ ലഭിച്ചതായ വിവരം നാളിതുവരെയായും രേഖപ്പെടുത്തിയിട്ടുമില്ല.

ഈ സാഹചര്യത്തിൽ, ഭൗതിക പരിശോധനയിൽ കണ്ടെത്താനാവാത്ത ഉപകരണങ്ങൾക്കു വേണ്ടി ചെലവഴിച്ച 82326രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക കാഡ്കോയിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

## 3-3 ക്രിമറ്റോറിയം നിർമ്മാണം- അനുവദനീയമല്ലാത്ത തുകകൾ

## കോസ്റ്റ്ഫോർഡിന് അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട് നം. | S.243/17-18 |
| അടങ്കൽ തുക | രൂ.6120000 |
| ചെലവു തുക | രൂ.1600000 (ചെക്ക് നം.1758479/1.3.18) |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും പൊതുശ്മശാനസൗകര്യം ലഭ്യമാക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്ത് മുഖ്യപങ്കാളിയായി റാന്നി-അങ്ങാടി, ചെറുകോൽ, റാന്നി എന്നീ ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്തമായി ആവിഷ്കരിച്ച പ്രസ്തുത പദ്ധതി പ്രകാരം 17.6.15-ൽ നാല് പഞ്ചായത്തുകളും ചേർന്ന് കരാർ വയ്ക്കുകയും, തങ്ങൾക്ക് ലഭിക്കുന്ന സംസ്ഥാനാവിഷ്കൃത ഫണ്ട് വിനിയോഗിച്ച് ആധുനിക ഗ്യാസ് ശ്മശാനം നിർമ്മിക്കാൻ തീരുമാനിക്കുകയും ചെയ്തു. പ്രവൃത്തി നിർവ്വഹിക്കുന്നതിനായി കോസ്റ്റ്ഫോർഡിനെ നിർവ്വഹണ ഏജൻസിയായി നിയോഗിക്കുകയും 28.9.15-ൽ എഗ്രിമെന്റ് വെയ്ക്കുകയും ചെയ്തു.

പ്രസ്തുത ആവശ്യത്തിനായി കെട്ടിടം നിർമ്മിക്കുകയും ഗ്യാസ് ചേംബറിനുള്ള മെഷീൻ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്യാസ് കണക്ഷൻ, ഇലക്ട്രിസിറ്റി കണക്ഷൻ എന്നിവ ലഭ്യമായിട്ടില്ല.

ഓഡിറ്റ് വർഷം ഒന്നാം പാർട്ട് ബില്ല് തയ്യാറാക്കി 16,00,000രൂപ കോസ്റ്റ്ഫോർഡിന് നൽകി. എന്നാൽ എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിരുന്നതു പ്രകാരം 8% സർവീസ് ചാർജ് കോസ്റ്റ്ഫോർഡിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ, സർവീസ് ചാർജിന്മേൽ 14% സർവീസ് ടാക്സ് കൂടി ബില്ലിൽ കാണിച്ചിട്ടുണ്ട്. ജി.ഓ(എം.എസ്)133/07/ത.സ്വ.ഭ.വ/തീയതി-18.5.2007- പ്രകാരം നിർവ്വഹണ ഏജൻസികൾക്ക് നൽകാവുന്ന മാനേജ്മെന്റ് ചാർജ് 2% മാത്രമാണ്. കൂടാതെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ഏജൻസി തയ്യാറാക്കുകയാണെങ്കിൽ 1/2% കൂടി നൽകാവുന്നതാണെന്നും ഉത്തരവിൽ പറയുന്നു. 8% സർവീസ് ചാർജ് നൽകണമെങ്കിൽ എൽ.എസ്.ജി.ഡി പ്രവൃത്തികൾക്ക് ബന്ധപ്പെട്ട വകുപ്പ് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് ജി.ഓ(പി) 311/14/ധന./30.7.14- നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുമുണ്ട്. ജി.എസ്.റ്റി നിലവിൽ വന്നതിനു ശേഷം സർവീസ് ടാക്സ്, വാറ്റ് എന്നിവ നിലവിലില്ല എങ്കിലും ബില്ലിൽ സർവീസ് ടാക്സും വാറ്റും രേഖപ്പെടുത്തിയിട്ടുമുണ്ട്. തുടർന്നുള്ള ബില്ലുകൾ തയ്യാറാക്കുമ്പോൾ മേൽപറഞ്ഞ അപാകതകൾ പരിഹരിച്ച് ബാക്കിയുള്ള തുക മാത്രം കോസ്റ്റ്ഫോർഡിന് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

ബാക്കി പ്രവൃത്തികൾ കൂടി അടിയന്തിരമായി പൂർത്തീകരിച്ച്, ക്രിമറ്റോറിയം പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 കമ്മ്യൂണിറ്റി ലെവൽ ബയോഗ്യാസ് പ്ലാന്റുകൾ- നാളിതുവരെ പ്രവർത്തന സജ്ജമായിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം. | S.50/13-14, S.44/14-15, SO.198/17-18 |
| അടങ്കൽ തുക | രൂ.1755000 |
| തൻവർഷം വകയിരുത്തിയ തുക | രൂ.1116401 (ശുചിത്വമിഷൻ ഫണ്ട്-1044080 + തനത് ഫണ്ട്-72321) |
| തൻ വർഷത്തെ ചെലവുതുക | രൂ.132080 (ശുചിത്വമിഷൻ ഫണ്ട്)<br>(ചെക്ക് നം.1758438/8.12.17) |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

2013-14വർഷം ആരംഭിച്ച പ്രസ്തുത പ്രൊജക്ട് പ്രകാരം 2014-15-ൽ 638599രൂപ ചെലവഴിച്ചിരുന്നു.(വിശദാംശങ്ങൾ

2013-14വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക-3-1-ൽ പരാമർശിച്ചിട്ടുണ്ട്). 2017-18വർഷം 132080രൂപ കൂടി ചെലവഴിച്ചു. എന്നാൽ ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കാൻ നാളിതുവരെയും സാധിച്ചിട്ടില്ല.

റോയൽ അസോസിയേറ്റ്സ്, പനമറ്റം, കൂരാലി എന്ന സ്ഥാപനവുമായി 21.12.13-ൽ എഗ്രിമെന്റ് വെച്ച് 2.1.14-ൽ സൈറ്റ് കൈമാറുകയും രണ്ട് പ്ലാന്റുകൾക്കും(ബസ്സ്റ്റാന്റിലും അറവുശാലയ്ക്കു സമീപവും) ആവശ്യമായ മെയിൻ ഡൈജെസ്റ്റർ, പ്രീ-ഫിൽറ്റർ ടാങ്ക്, സെപ്റ്റിക് ടാങ്ക് എന്നിവ മുൻവർഷങ്ങളിൽ നിർമ്മിക്കുകയും ചെയ്തിരുന്നു. രണ്ട് പാർട്ട് ബില്ലുകൾ പ്രകാരം 638599രൂപ ചെലവഴിച്ചതിനുശേഷം പദ്ധതി നിലച്ച അവസ്ഥയിലാണ്.

രണ്ട് പ്ലാന്റ് റൂമുകളുടേയും ഭിത്തി നിരപ്പ് വരെ ഇഷ്ടിക കെട്ടി നിർത്തിയ അവസ്ഥയിലാണ് ഇപ്പോഴും കാണപ്പെടുന്നത്. ടാങ്കുകൾക്ക് മുകളിൽ മാലിന്യങ്ങളും മണ്ണും മൂടി അപ്രത്യക്ഷമായ അവസ്ഥയിലാണ്. നാളിതുവരെ ചെയ്ത പ്രവൃത്തികൾക്ക് ഓഡിറ്റ് വർഷം മൂന്നാം പാർട്ട് ബില്ല് തയ്യാറാക്കി 132080രൂപ കൂടി ഏജൻസിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള ഇനങ്ങളായ പ്ലാന്റ് റൂമിന്റെ റൂഫിംഗ്, ഇലക്ട്രിഫിക്കേഷൻ, വാട്ടർ കണക്ഷൻ മുതലായ പ്രവൃത്തികളൊന്നും ചെയ്തിട്ടില്ല. ചെയ്ത പ്രവൃത്തികളെല്ലാം നിഷ്പ്രയോജനമായ അവസ്ഥയിലാണ്. പ്രീ-ഫിൽറ്റർ ടാങ്കും സെപ്റ്റിക് ടാങ്കും തകർച്ച നേരിട്ടുകൊണ്ടിരിക്കുന്നു.

ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19.10.15-ലെ കത്ത് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി ലഭ്യമായിരുന്നു. ഏതാനും നിബന്ധനകൾ കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്ലാന്റ് റൂം ജി.ഐ ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് നടത്തേണ്ടതാണെന്നും, ആഞ്ഞിലിത്തടിയിലുള്ള വാതിൽ മാറ്റി മെറ്റൽ ഡോർ വയ്ക്കേണ്ടതാണെന്നും, ലംപ്സം ആയി കാണിച്ചിരിക്കുന്ന ഇനങ്ങൾക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ടവരിൽ നിന്നും അനുമതി വാങ്ങേണ്ടതാണെന്നും, ജില്ലാ ശുചിത്വമിഷൻ പ്രവൃത്തികൾ മോണിറ്റർ ചെയ്യേണ്ടതാണെന്നും നിബന്ധനയിൽ പറഞ്ഞിട്ടുണ്ട്. പൂർത്തിയായ പ്രവൃത്തികൾ ശുചിത്വമിഷനെക്കൊണ്ട് വിലയിരുത്തുകയും ബാക്കി ചെയ്യേണ്ട പ്രവൃത്തികളിൽ എന്തെങ്കിലും മാറ്റം ആവശ്യമുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യേണ്ടത് ആവശ്യമാണെന്നും അസി.എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 20.10.18-ൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിന്നീട് തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തന സജ്ജമാക്കാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 നിലവാരം കുറഞ്ഞ കമ്പ്യൂട്ടറുകൾ വാങ്ങിയത് സ്പെസിഫിക്കേഷന് വിരുദ്ധം

സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണം നടത്തി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്ന പദ്ധതിയിൽ Acer എന്ന ബ്രാന്റ് കമ്പനിയുടെ ഉയർന്ന വിലയുള്ള നിലവാരം കൂടിയ മോഡൽ ആൻടി കോം, റാന്നി എന്ന സ്ഥാപനം ടെണ്ടറിൽ രേഖപ്പെടുത്തുകയും ടെക്നിക്കൽ അസിസ്റ്റന്റിന്റെ ശുപാർശയിൽ ഉയർന്ന മോഡൽ തെരഞ്ഞെടുത്ത് പർച്ചേസ് ഓർഡർ നൽകുകയും ചെയ്തു. എന്നാൽ സ്ഥാപനം ടെണ്ടറിൽ രേഖപ്പെടുത്തിയ മോഡലിനു പകരം നിലവാരവും വിലയും കുറഞ്ഞ മോഡൽ കമ്പ്യൂട്ടറുകളാണ് വിതരണം നടത്തിയത്. എന്നാൽ ഉയർന്ന വിലയിൽ മാറ്റം വരുത്തിയതുമില്ല. ഇതു പ്രകാരം വലിയ നഷ്ടം ഗ്രാമപഞ്ചായത്തിനു ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

A)

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 22/2017-18, പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ. |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ തുക | വികസന ഫണ്ട്-500000രൂപ |
| ബിൽ തുക, ബിൽ നമ്പർ | ₹457344 (വികസനഫണ്ട്), ബിൽ നം.100/01.12.2017 |

| | |
|---|---|
| സപ്ളയർ | ആൻടി കോം,റാന്നി. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.സാമുവൽ S തോമസ്, സെക്രട്ടറി. |

ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 31/07/17-ന് ടെണ്ടർ ക്ഷണിച്ചതിനെത്തുടർന്ന് രണ്ടു സ്ഥാപനങ്ങൾ (1.ആൻടി കോം, റാന്നി പഴവങ്ങാടി (16.08.17-ന്), 2.കാരുണ്യ ഡിജിറ്റൽ ഷോപ്പി,റാന്നി) ടെണ്ടർ സമർപ്പിച്ചിരുന്നു. ഇതിൽ കുറഞ്ഞ നിരക്കുകൾ രേഖപ്പെടുത്തിയ ആൻടി കോം, റാന്നി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 18.08.17 ൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിരുന്നു.(6/1 നമ്പർ തീരുമാനം)

16.08.17-ൽ ആൻടി കോം എന്ന സ്ഥാപനം രേഖപ്പെടുത്തിയ നിരക്കുകൾ പ്രകാരം Acer Desktop (Model No: IC6421K) എന്നയിനം മോഡലിനു 49500 രൂപയാണ് നികുതികൾ ഉൾപ്പെടെ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

| ഇനം | സ്പെസിഫിക്കേഷൻ |
|---|---|
| പ്രൊസസ്സർ | Intel i5 $6^{th}$ generation |
| മദർ ബോർഡ് | Intel Chipset |
| മെമ്മറി | 8 GB DDR4 RAM |
| ഹാർഡ് ഡിസ്ക് | 1Tb |
| മോണിറ്റർ | 18.5 LED |

സ്ഥാപനത്തിനു പർച്ചേസ് ഓർഡർ നൽകിയതിനെത്തുടർന്ന് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഗ്രാമപഞ്ചായത്തിനു നൽകുകയും ബില്ലുകൾ നൽകുകയും ചെയ്തു. തുടർന്ന് സെക്രട്ടറിയുടെ 29.11.2017 ലെ C5-1/17 ഉത്തരവു പ്രകാരം ബിൽ തുകയായ ₹457344 സ്ഥാപനത്തിനു കൈമാറി.

എന്നാൽ ടെണ്ടറിൽ പറഞ്ഞതു പ്രകാരമുള്ള കമ്പ്യൂട്ടറുകളല്ല വിതരണം നടത്തിയിട്ടുള്ളതെന്ന് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സ്ഥാപനത്തിന്റെ ഇൻവോയിസിലും (നം.ACS/246/17;22.09.2017) ഇതു വ്യക്തമാണ്.

സ്ഥാപനം 49500 രൂപയാണ് നികുതികൾ ഉൾപ്പെടെ ബില്ലിൽ കാണിച്ചിരിക്കുന്നത്. ടെണ്ടർ രേഖകൾ പ്രകാരം ഗ്രാമ പഞ്ചായത്തിനു ഇതേ നിരക്കിൽ ലഭ്യമാക്കേണ്ട ACER Model No: IC6421K-നു പകരം ACER V196HQL എന്ന മോഡലാണ് നൽകിയിട്ടുള്ളത്. 18.5" LED മോണിറ്ററിനു പകരം LCD മോണിറ്ററുകളാണ് നൽകിയിട്ടുള്ളത്. 8GB മെമ്മറിയ്ക്കു പകരം 4GB മെമ്മറി മാത്രമുള്ള കമ്പ്യൂട്ടറുകളാണ് സ്ഥാപനം കൈമാറിയിട്ടുള്ളതെന്നു VEO-യ്ക്കു കൈമാറിയ കമ്പ്യൂട്ടർ പരിശോധിച്ചതിൽ നിന്നും ഓഡിറ്റിനു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയത് ഗുരുതരമായ അപാകതയാണ്.

B)

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 171/2017-18, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ. |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ തുക | 300000രൂപ |
| ബിൽ തുക, ബിൽ നമ്പർ | ₹298900 (ബിൽ നം.75/7.3.18) |
| സപ്ളയർ | ആൻടി കോം,റാന്നി. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.ശ്രീറാം L.S (അസിസ്റ്റന്റ് എഞ്ചിനീയർ-ഇൻ-ചാർജ്) |

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 31/07/17-നു

ടെണ്ടർ ക്ഷണിച്ചതിനെത്തുടർന്ന് രണ്ടു സ്ഥാപനങ്ങൾ (1.ആൻടി കോം, റാന്നി-പഴവങ്ങാടി (16.08.17-ന്), 2.കാരുണ്യ ഡിജിറ്റൽ ഷോപ്പി, റാന്നി) ടെണ്ടർ സമർപ്പിച്ചിരുന്നു. ഇതിൽ കുറഞ്ഞ നിരക്കുകൾ രേഖപ്പെടുത്തിയ ആൻടി കോം, റാന്നി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 18.08.17-ൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിരുന്നു.(6/5 നമ്പർ തീരുമാനം)

16.08.17-ൽ ആൻടി കോം എന്ന സ്ഥാപനം ടെണ്ടറിൽ (നം.9985678/2017/2018) രേഖപ്പെടുത്തിയ നിരക്കുകൾ പ്രകാരം Acer Desktop (Model No:IC6421K) എന്നയിനം മോഡലിനു 49500 രൂപയാണ് നികുതികൾ ഉൾപ്പെടെ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

| ഇനം | സ്പെസിഫിക്കേഷൻ |
|---|---|
| പ്രൊസസ്സർ | Intel i5 6th generation |
| മദർ ബോർഡ് | Intel Chipset |
| മെമ്മറി | 8 GB DDR4 RAM |
| ഹാർഡ് ഡിസ്ക് | 1Tb |
| മോണിറ്റർ | 18.5 LED |

സ്ഥാപനത്തിനു പർച്ചേസ് ഓർഡർ നൽകിയതിനെത്തുടർന്ന് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അസി.എഞ്ചിനീയറുടെ ഓഫീസിലേക്ക് നൽകുകയും ബില്ലുകൾ നൽകുകയും ചെയ്തു. തുടർന്ന് ബിൽ തുകയായ ₹457344 അസി.എഞ്ചിനീയർ സ്ഥാപനത്തിനു കൈമാറി.

എന്നാൽ ടെണ്ടറിൽ പറഞ്ഞു പ്രകാരമുള്ള കമ്പ്യൂട്ടറുകളല്ല വിതരണം നടത്തിയിട്ടുള്ളതെന്ന് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സ്ഥാപനത്തിന്റെ ഇൻവോയിസിലും (നം.ACS/318/17;19.10.2017) ഇതു വ്യക്തമാണ്.

സ്ഥാപനം 49500രൂപയാണ് നികുതികൾ ഉൾപ്പെടെ കമ്പ്യൂട്ടറുകൾക്ക് ബില്ലിൽ കാണിച്ചിരിക്കുന്നത്. ടെണ്ടർ രേഖകൾ പ്രകാരം ഗ്രാമ പഞ്ചായത്തിനു ഇതേ നിരക്കിൽ ലഭ്യമാക്കേണ്ട ACER Model No: IC6421K-നു പകരം ACER IC6575K എന്ന മോഡലാണ് നൽകിയിട്ടുള്ളത്. 18.5" LED മോണിറ്ററിനു പകരം LCD മോണിറ്ററുകളാണ് നൽകിയിട്ടുള്ളത്. 8GB മെമ്മറിയ്ക്കു പകരം 4GB മെമ്മറി മാത്രമുള്ള കമ്പ്യൂട്ടറുകളാണ് സ്ഥാപനം കൈമാറിയിട്ടുള്ളതെന്നു അസി.എഞ്ചിനീയർക്ക് കൈമാറിയ കമ്പ്യൂട്ടർ പരിശോധിച്ചതിൽ നിന്നും ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയത് ഗുരുതരമായ അപാകതയാണ്.

ഉയർന്ന വില ഗ്രാമപഞ്ചായത്തു നൽകിയിട്ടും അതിന്റെ ഗുണമേന്മയോ സ്പെസിഫിക്കേഷനോ ഇല്ലാത്തതും ടെണ്ടറിൽ രേഖപ്പെടുത്താത്തതുമായ കമ്പ്യൂട്ടറുകൾ വിതരണം നടത്തിയിട്ടും അതു പരിശോധിക്കാതെ ബിൽ തുക നൽകിയതിനു ഓഡിറ്റിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറിയ്ക്കും അസിസ്റ്റന്റ് എഞ്ചിനീയർക്കും ഓഡിറ്റ് എൻക്വയറികൾ നൽകിയിരുന്നു. (നം:25/2019 തീയതി 27.03.2019,നം:26/2019 തീയതി 27.03.2019). എന്നാൽ രണ്ടു നിർവ്വഹണ ഉദ്യോഗസ്ഥരും ഓഡിറ്റിനു മറുപടികൾ ലഭ്യമാക്കിയില്ല. സ്ഥാപനത്തിൽ നിന്നും അടിയന്തിരമായി വിശദീകരണം ലഭ്യമാക്കേണ്ടതും ടെണ്ടറിൽ രേഖപ്പെടുത്തിയ മോഡൽ കമ്പ്യൂട്ടർ തന്നെ (Acer Desktop Model No:IC6421K) ലഭ്യമാക്കാൻ നിർദ്ദേശം നൽകേണ്ടതുമാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റിന്റെ വിശദീകരണവും ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. സ്ഥാപനം കമ്പ്യൂട്ടറുകൾ വിതരണം നടത്താൻ തയ്യാറാവാത്ത പക്ഷം കരാറിൽ നിന്നുള്ള ലംഘനമായി കണക്കാക്കി നഷ്ടം കണക്കാക്കേണ്ടതും ആയത് സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതുമാണ്. സ്ഥാപനത്തെ കരിമ്പട്ടികയിൽ പെടുത്താനുള്ള തുടർ നടപടികളും സ്വീകരിക്കാവുന്നതാണ്. മേൽ വിവരിച്ച കാരണങ്ങളാൽ രണ്ടു നിർവ്വഹണ ഉദ്യോഗസ്ഥരും ചെലവു ചെയ്ത ₹756244 രൂപ (457344+298900) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതും, തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

## 3-6 അങ്കണവാടികളുടെ നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 191/2017-18, അങ്കണവാടി നിർമ്മാണം |

| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
|---|---|
| അടങ്കൽ | വികസന ഫണ്ട്-428000രൂപ<br>തനതു ഫണ്ട്-60000രൂപ<br>മറ്റുള്ളവ-3200000രൂപ<br>ആകെ-3688000രൂപ |
| ബിൽ തുക, ബിൽ നമ്പർ | ₹428000(വികസനഫണ്ട്), ബിൽ നം.209/08.03.2018<br>₹60000(തനതുഫണ്ട്), ചെക്ക് നം:1758480/09.03.2018 |
| തുക ഡെപ്പോസിറ്റ് ചെയ്തത് | Mahatma Gandhi NREGA State Mission.<br>A/C No:799011400000 486, District Treasury,<br>Thiruvananthapuram. |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി ശ്രീലേഖ, സെക്രട്ടറി. |

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.03.18-ലെ c3-123/17 ഉത്തരവു പ്രകാരം, അങ്കണവാടി നിർമ്മാണം എന്ന പദ്ധതിയ്ക്ക്(നം.191/2017-18) വികസനഫണ്ട്-428000രൂപ, തനതു ഫണ്ട്-60000രൂപ, കേന്ദ്രാവിഷ്കൃത വിഹിതം-32ലക്ഷം രൂപ എന്നിങ്ങനെ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചതായി രേഖപ്പെടുത്തുകയും നാലു അങ്കണവാടികളുടെ നിർമ്മാണത്തിനുള്ള വികസനഫണ്ട് വിഹിതമായ 428000 രൂപ MGNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റായി നൽകുകയും ചെയ്തിരുന്നു.

കണ്ണങ്കര അങ്കണവാടി (വാർഡ്-4, നം.56, എസ്റ്റിമേറ്റ്:1022000രൂപ), വട്ടാർക്കയം (വാർഡ്-17, നം.51, എസ്റ്റിമേറ്റ്:1199423രൂപ), ഇട്ടിയപ്പാറ അങ്കണവാടി(വാർഡ്-15, നം.42, എസ്റ്റിമേറ്റ്:1021994രൂപ), ഇടമൺ അങ്കണവാടി (വാർഡ്-3, നം.54, എസ്റ്റിമേറ്റ്:1021994രൂപ) എന്നീ അങ്കണവാടികൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

G.O(Rt)118/2016/lsgd/12.01.16- നമ്പർ ഉത്തരവു പ്രകാരം MGNREGA പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കണവാടികൾ നിർമ്മിക്കുന്നതിന് സർക്കാർ അനുവാദം നൽകിയിരുന്നു. ഇതു പ്രകാരം ആകെ ചെലവിന്റെ 5 ലക്ഷം MGNREGA ഫണ്ടിൽ നിന്നും, 2 ലക്ഷം ICDS (കേന്ദ്ര വിഹിതം) ഫണ്ടിൽ നിന്നും ചെലവാക്കണം എന്നതായിരുന്നു വ്യവസ്ഥ. 7 ലക്ഷത്തിനു മുകളിൽ വരുന്ന ചെലവ് തദ്ദേശ ഭരണ സ്ഥാപനം വഹിക്കുവാൻ G.O(Rt)223/2017 /lsgd/27.01.17- നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതിയും നൽകി. എന്നാൽ എസ്റ്റിമേറ്റിനു ആനുപാതികമായല്ല ഗ്രാമപഞ്ചായത്ത് വിഹിതം വകയിരുത്തി നൽകിയിരിക്കുന്നത്.

നാലു അങ്കണവാടികളുടേയും കൂടിയുള്ള ആകെ എസ്റ്റിമേറ്റ് തുക 4265411 രൂപയാണ്. എന്നാൽ പദ്ധതിയിൽ തുക വകയിരുത്തിയിരിക്കുന്നത് 3688000 രൂപയാണ്. അവശേഷിക്കുന്ന 577411 രൂപ എപ്രകാരം കണ്ടെത്തുമെന്ന് പദ്ധതിയിൽ രേഖപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ICDS വിഹിതവും NREGS വിഹിതവും ലഭിച്ചതായി ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം:24/2019 തീയതി 27.03.2019) മറുപടിയിൽ സെക്രട്ടറി രേഖപ്പെടുത്തിയിട്ടില്ല.

നിലവിൽ 56-ാം നമ്പർ അങ്കണവാടിയുടെ നിർമ്മാണം മാത്രമാണ് നടക്കുന്നതെന്ന് സെക്രട്ടറി മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റു അങ്കണവാടികളുടെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിനും തുടർനടപടികൾക്കുമായി ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ഓഡിറ്റ് ക്ഷണിക്കുന്നു.

## 3-7 വാട്ടർ ടാങ്ക് വിതരണം- ടെണ്ടർ നടപടികളിൽ സുതാര്യതയില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ,പേര് | 63/2017-18,പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് |
| ഫണ്ടിനം | വികസന ഫണ്ട് (SCP) |
| അടങ്കൽ | 100000രൂപ |
| ബിൽ തുക, ബിൽ നമ്പർ | ₹58025, ബിൽ നം.302 / 27.03.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ കെ.സന്തോഷ് കുമാർ, അസിസ്റ്റന്റ് സെക്രട്ടറി. |

പട്ടികജാതി കുടുംബത്തിനു വാട്ടർ ടാങ്ക് നൽകാനുള്ള പദ്ധതിയിൽ മേൽ പരാമർശിച്ച പ്രൊജക്ട് പ്രകാരം 58025രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നു. പദ്ധതിയ്ക്കായി 06-12-2017-ൽ ടെണ്ടർ ക്ഷണിക്കുകയും നാല് ടെണ്ടർ ലഭിക്കുകയും ചെയ്തു.

വിക്ടോറിയ പോളിഫോം, തൃശ്ശൂർ എന്ന സ്ഥാപനം Ocean എന്ന ബ്രാന്റിന്റെ 500ലിറ്റർ ISI വാട്ടർ ടാങ്കിന് 10 വർഷ വാറണ്ടിയോടു കൂടി 3250രൂപ ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്നു. Senzer Polymer's, തൃശ്ശൂർ എന്ന സ്ഥാപനവും ഇതേ ക്വാളിറ്റിയുള്ള വാട്ടർ ടാങ്കിന് 3125രൂപ ക്വോട്ട് ചെയ്തിരുന്നു. മേൽ രണ്ടു സ്ഥാപനങ്ങളും വാട്ടർ ടാങ്കുകൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളായതിനാൽ മറ്റു ക്വാളിറ്റി സംബന്ധിച്ച രേഖകളും ടെണ്ടറിനോടൊപ്പം ഹാജരാക്കിയിരുന്നു. കൃപാ ഏജൻസീസ്, പത്തനംതിട്ട എന്ന സ്ഥാപനം 3990രൂപ നിരക്കിൽ ക്വോട്ട് ചെയ്തപ്പോൾ P.M.M & സൺസ്, എരുമേലി എന്ന സ്ഥാപനം 3200രൂപയാണ് രേഖപ്പെടുത്തിയിരുന്നത്. പിന്നീട് ഈ ടെണ്ടറിൽ തിരുത്തലുകൾ വരുത്തി 3095രൂപ എന്നാക്കിയിട്ടുണ്ട്.

തുടർന്ന് 05.01.18-ൽ നടന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിലും, ഈ സ്ഥാപനം ക്വോട്ട് ചെയ്തത് 3195രൂപയാണെന്നും ഇതു കുറഞ്ഞ നിരക്കായതിനാൽ ടി സ്ഥാപനത്തിനു ടെണ്ടർ അംഗീകരിച്ചു നൽകാനും തെറ്റായ തീരുമാനമെടുത്തിരുന്നു. ഇതിലും കുറഞ്ഞ നിരക്ക് Senzer Polymer's, തൃശ്ശൂർ എന്ന സ്ഥാപനം നൽകിയിരുന്നു. ക്ളറിക്കൽ തെറ്റ് സംഭവിച്ചതാണെന്നും അതിനാൽ 3095രൂപയുടെ നിരക്ക് അംഗീകരിച്ച് P.M.M & സൺസ്, എരുമേലി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതായി കമ്മിറ്റി വീണ്ടും 02.02.18-ൽ തീരുമാനമെടുത്തു. പിന്നീട് ഈ സ്ഥാപനത്തിൽ നിന്നും 25 വാട്ടർ ടാങ്കുകൾ വാങ്ങുകയും ഇതിനായി 77375രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു.(ബിൽ നം;283/27.03.18). സ്ഥാപനത്തിന്റെ ബിൽ പ്രകാരം ISI PREMIER എന്നാണ് വാട്ടർ ടാങ്കിന്റെ ബ്രാന്റ് നെയിം രേഖപ്പെടുത്തിയിട്ടുള്ളത്. വികസന ഫണ്ട് വിഹിതമായ 58025രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (SIB A/C No:070508300000 0007) ട്രാൻസ്ഫർ ചെയ്തു നൽകിയിരുന്നു.

10 വർഷ വാറണ്ടി സംബന്ധിച്ച യാതൊരു രേഖകളും സ്ഥാപനം നൽകിയിട്ടില്ല. നൽകിയ വാട്ടർ ടാങ്കിന്റെ ഗുണനിലവാരവും വ്യക്തമല്ല. ഏതു കമ്പനിയുടെ വാട്ടർ ടാങ്ക് ആണ് നൽകുന്നതെന്നും വ്യക്തമല്ല. ആദ്യ രണ്ടു സ്ഥാപനങ്ങളും ഗുണനിലവാരമുള്ള വാട്ടർ ടാങ്കുകൾ നിർമ്മിക്കുന്ന കമ്പനികൾ ആണെങ്കിൽ, ടെണ്ടർ അംഗീകരിക്കപ്പെട്ട PMM & സൺസ് എന്ന സ്ഥാപനം ഒരു ഡീലർ മാത്രമായിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനും സ്ഥാപനവുമായി കരാർ ഉണ്ടാക്കിയതായും കാണുന്നില്ല. സമാന സ്വഭാവമുള്ള വേറൊരു പദ്ധതിയിൽ (64/17-18) വിക്ടോറിയ പോളിഫാം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 3250രൂപയ്ക്ക് അംഗീകരിച്ചു.(തീരുമാനം നം:6/2; 05.01.2018) SCവനിതകൾക്ക് ഗുണനിലവാരമുള്ള വാട്ടർ ടാങ്കുകൾ (Ocean) വിതരണം നടത്തിയപ്പോൾ, ഈ പദ്ധതിയിൽ അറിയപ്പെടാത്ത കമ്പനിയുടെ വാട്ടർ ടാങ്കുകളാണ് വിതരണം നടത്തിയത്. ഗുണനിലവാരം പരിശോധിക്കാതെയും വാറണ്ടി ഉറപ്പാക്കാതെയും ടെണ്ടറിൽ തിരുത്തൽ വന്നതിനും 25 വാട്ടർടാങ്കുകൾ വാങ്ങിയതിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നു (നം:14/2019 തീയതി 19.03.2019). ഇതിനു മറുപടിയായി, ടെണ്ടർ നടപടിക്രമങ്ങൾ സെക്രട്ടറിയാണ് നടത്തിയതെന്നും ടെണ്ടർ ഫോറത്തിലെ തിരുത്തലുകൾ ടെണ്ടർ സമർപ്പിച്ച സമയത്തുതന്നെ ഉണ്ടായിരുന്നുവെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. സ്ഥാപനത്തിന്റെ ISI സർട്ടിഫിക്കേഷൻ, 10 വർഷ വാറണ്ടി, മൾട്ടി ലേയർ രേഖപ്പെടുത്തിയിട്ടുള്ളത് എന്നിവ പരിശോധന നടത്തിയ ശേഷമാണ് പർച്ചേസ് ഓർഡർ നൽകിയതെന്നു മറുപടി നൽകി. എന്നാൽ വാറണ്ടി സംബന്ധിച്ചോ ക്വാളിറ്റി

സംബന്ധിച്ചോ യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് സ്ഥാപനവുമായുള്ള കരാറും നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയില്ല. അതിനാൽ വികസനഫണ്ടിൽ നിന്നും ചെലവു ചെയ്ത ₹58025 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കരാറും വാറണ്ടി സംബന്ധിച്ച രേഖകളും വാട്ടർ ടാങ്കിന്റെ ISI സർട്ടിഫിക്കേഷൻ സംബന്ധിച്ച രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 പട്ടിക ജാതി വിഭാഗക്കാർക്കുള്ള വിവാഹധനസഹായം പദ്ധതിയിൽ ആനുകൂല്യം നൽകിയതിലെ അപാകത

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 66/2017-18, വിവാഹ ധനസഹായം |
| ഫണ്ടിനം | വികസന ഫണ്ട് (SCP) |
| അടങ്കൽ തുക | 173750രൂപ |
| ബിൽ തുക, ബിൽ നമ്പർ | ₹75000,<br>ബിൽ നം.207 / 06.03.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ K.സന്തോഷ് കുമാർ, അസിസ്റ്റന്റ് സെക്രട്ടറി |

പട്ടികജാതി കുടുംബത്തിൽ ഉൾപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായത്തിനായുള്ള പദ്ധതി പ്രകാരം 75000രൂപ ശ്രീ.N.Tരാജൻ, നടുക്കേമുറിയിൽ വീട്, ചെല്ലയ്ക്കാട്ട് P.O, റാന്നി, വാർഡ്-16 (A/C No:040601000014 320, I.O.B) എന്നയാൾക്ക നൽകിയിരുന്നു. സബ്സിഡി മാർഗ്ഗരേഖ (സ.ഉ(എം.എസ്) നം.80/2017/തസ്വഭവ; 03.04.2017) യിലെ ക്രമനം.11.5.1പ്രകാരം വരുമാന പരിധി 2 ലക്ഷം എന്ന നിബന്ധനയ്ക്ക വിധേയമായി സബ്സിഡി തുക നൽകാമെന്നു നിഷ്കർഷിച്ചിട്ടുണ്ട്. ക്രമ നം 2.15(ii) പ്രകാരം പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരുൾപ്പെടുന്ന കുടുംബത്തെ രണ്ടു ലക്ഷം രൂപയിൽ കുറവ് വരുമാനമുള്ളവരായി കണക്കാക്കാൻ പാടില്ല. ഈ കുടുംബത്തിന്റെ റേഷൻ കാർഡ് പ്രകാരം (നം:1315015892) പെൺകുട്ടിയുടെ അച്ഛനായ ശ്രീ N.T രാജൻ പൊതുമേഖലാ സ്ഥാപനത്തിലാണ ജോലി ചെയ്യുന്നതെന്നും പ്രതിമാസ വരുമാനം 19290രൂപയാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം വരുമാന പരിധി രണ്ടു ലക്ഷത്തിൽ കൂടുതലാണെന്നു വ്യക്തമാണ്.

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട വിവാഹ ധനസഹായത്തിനുള്ള ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് | പേരും വിലാസവും |
|---|---|---|
| 1 | 1 | രാമഭദ്ര, ഓലിക്കൽ |
| 2 | 3 | മഞ്ജുഷ |
| 3 | 5 | സ്നേഹ കൃഷ്ണൻകുട്ടി, ചരിവുകാലായിൽ |
| 4 | 10 | സുഗത, മാമ്പ്രക്കുഴി |
| 5 | 10 | സാബു, ഇടശ്ശേരി മേപ്പുറത്ത് |
| 6 | 10 | വിജയൻ, പുത്തൻവീട് |
| 7 | 10 | രാധാമണി, മോടിയിൽ |
| 8 | 13 | സുമ M.K, മുട്ടുമണ്ണിൽ, കരികുളം |
| 9 | 16 | രമ്യ P കമലാസനൻ, പാലാംപറമ്പിൽ |

ഗ്രാമസഭ അംഗീകരിച്ചതും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതുമായ നിരവധി ഗുണഭോക്താക്കൾ ഉള്ളപ്പോൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത രാജൻ.N.T-യ്ക്ക് സബ്സിഡി ആനുകൂല്യം നൽകിയതിനു ഓഡിറ്റിനു വിശദീകരണം നൽകണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥന് എൻക്വയറി നൽകിയിരുന്നു (നം.:13/2019 തീയതി 19.03.2019). ഇതിനു മറുപടിയായി, ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 9 ഗുണഭോക്താക്കൾക്കും അറിയിപ്പ് നൽകിയിരുന്നുവെന്നും എന്നാൽ വിവാഹധനസഹായത്തിനുള്ള കാലപരിധി കഴിഞ്ഞതായി ബോദ്ധ്യപ്പെട്ടു എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിനെ അറിയിച്ചു. ഇവർക്ക് അറിയിപ്പ് നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. വിവാഹം സമയപരിധിക്കുള്ളിലല്ല നടന്നത് എന്നതിന്റെ രേഖകളും ലഭ്യമല്ല. ആയത് ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

ശ്രീ N.T.രാജൻ മകളുടെ വിവാഹ സമയത്ത് പെൻഷണറായിരുന്നുവെന്നും റേഷൻ കാർഡിലെ വരുമാനം കാണിച്ച സമയത്ത് സർവ്വീസിലായിരുന്നുവെന്നും അതിനാലാണ് വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റിലെ പരിധി (140232രൂപ) കണക്കിലെടുത്തതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി.

എന്നാൽ സബ്സിഡി മാർഗ്ഗരേഖ (സ.ഉ(എം.എസ്) നം;80/2017/തസ്വഭവ; 03.04.2017) യിലെ ക്രമനം.2.15(i) പ്രകാരം പെൻഷണർ ഉൾപ്പെടുന്ന കുടുംബത്തെ 2ലക്ഷം രൂപയിൽ കുറവുള്ളവരായി കണക്കാക്കാൻ പാടില്ല എന്നു നിഷ്കർഷിച്ചിട്ടുണ്ട്.

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ശ്രീ N.T രാജനെ 07.03.2018-ൽ കൂടിയ 16-ാം വാർഡ് ഗ്രാമസഭ യോഗം ഗുണഭോക്താവായി അംഗീകരിച്ചതായി മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 75000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. മറ്റു വിഷയങ്ങളിന്മേൽ വകുപ്പുതലത്തിൽ അന്വേഷണം നടത്താനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-9 കൺവീനർ പ്രവൃത്തി- വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം. | S.199/17-18 |
| ചെലവു തുക | രൂ.428213 (ബിൽ നം.14/29.7.17) |
| കൺവീനർ | ശ്രീ.എബ്രഹാം തോമസ്, വെള്ളാംകുഴിയിൽ |

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം-13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് നിർവ്വഹണഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതുമാണ്. 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും കാഷ് ബില്ലിൽ അസി.എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി.എക്സി.എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്.

പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിൽ മേൽപറഞ്ഞ നിബന്ധനകൾ പാലിച്ചിട്ടില്ല. 8324രൂപയുടെ കാഷ്ബില്ലുകൾ മാത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മസ്റ്റർ റോളും ഹാജരാക്കിയിട്ടില്ല.

മേൽപറഞ്ഞ കാരണത്താൽ ചെലവു തുക( 428213രൂപ) ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-10 തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ് - അപാകതകൾ

എ) ഇല്ലാത്ത വിളക്കുകൾക്ക് വൈദ്യുത ചാർജ് ഒടുക്കുന്നു

തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ വ്യക്തമാക്കുന്ന രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. കെ.എസ്.ഇ.ബി ഫിക്സഡ് ചാർജ്ജ് നിശ്ചയിച്ചിരിക്കുന്നത് യഥാർത്ഥത്തിൽ ഉള്ള വിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല. നിലവിൽ തെരുവു വിളക്കുകളുടെ വൈദ്യുത ചാർജിനത്തിൽ(ഹൈമാസ്റ്റ്, മിനിമാസ്റ്റ് ഒഴികെ) 116238രൂപ കെ.എസ്.ഇ.ബി-യിൽ അടവാക്കുന്നുണ്ട്. 15.03.2019 തീയതിയിൽ കെ.എസ്.ഇ.ബി-യിൽ നിന്നും ലഭ്യമായ ചാർജ് പട്ടിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | യൂണിറ്റ് | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | സാധാരണ ബൾബ് - 40 W | 547 | 7876.8 | 66 | 36102 |
| 2 | സാധാരണ ബൾബ് - 60 W | 42 | 907.2 | 102 | 4284 |
| 3 | സാധാരണ ബൾബ് - 100 W | 8 | 288 | 167 | 1336 |
| 4 | ഫ്ളൂറസന്റ് ട്യൂബ് (2x40) | 203 | 5846.4 | 134 | 27202 |
| 5 | മെർക്കുറി വേപ്പർ ലാമ്പ് | 5 | 450 | 447 | 2235 |
| 6 | സോഡിയം വേപ്പർ ലാമ്പ് (1x250) | 71 | 6390 | 447 | 31737 |
| 7 | സി.എഫ്.എൽ. ഓട്ടോ മാറ്റിക് ഓൺ/ഓഫ് (2X11) | 322 | 2550.2 | 32 | 10304 |
| 8 | എൽ.ഇ.ഡി (1X18) | 217 | 1406.16 | 14 | 3038 |
| | ആകെ | | 25715 | | 116238 |

2017-18 വർഷം ശബരിമല സീസണിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ടിന്റെ ഭാഗമായി 25 വാട്ടിന്റെ 100 ഓട്ടോമാറ്റിക് എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങിയിട്ടുണ്ട്. ഇവ കൈപ്പറ്റിയതായി 2017-18 വർഷത്തെ സ്റ്റോക്ക് രജിസ്റ്ററിൽ 17 വാർഡുകളിലേയും ജനപ്രതിനിധികൾ ഒപ്പ് രേഖപ്പെടുത്തുകയും ബൾബുകൾ സ്ഥാപിച്ചതായി പേജ് നമ്പർ 53-ൽ പ്രസിഡന്റും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ബൾബുകളുടെ വിവരം 15.03.2019 തീയതിയിൽ കെ.എസ്സ്.ഇ.ബി ലഭ്യമാക്കിയ ചാർജ് പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. ഇതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-2ലും കെ.എസ്.ഇ.ബി-യിൽ നിന്നും ലഭ്യമായ ചാർജ് പട്ടികയുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിരുന്നു. ആയത് പ്രകാരമുള്ള തെരുവു വിളക്കുകളുടെ എണ്ണത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | സാധാരണ ബൾബ് - 40 W | 547 |
| 2 | സാധാരണ ബൾബ് - 60 W | 42 |
| 3 | ഓർഡിനറി ബൾബ് - 100 W | 8 |
| 4 | ഫ്ളൂറസന്റ് ട്യൂബ് 2x40 | 203 |

| | | |
|---|---|---|
| 5 | മെർക്കുറി വേപ്പർ ലാമ്പ് | 5 |
| 6 | സോഡിയം വേപ്പർ ലാമ്പ് 1x250 | 71 |
| 8 | എൽ.ഇ.ഡി 1X18 | 157 |

ഓട്ടോമാറ്റിക് ഓൺ/ഓഫ് സി.എഫ്.എൽ വിളക്കുകൾ ആണ് നിലവിലെ ബില്ലിൽ വിളക്കുകളുടെ എണ്ണത്തിൽ കൂടുതലായി ഉൾപ്പെട്ടിട്ടുള്ളത്. 2015-16 വർഷം ബില്ലിൽ ഉൾപ്പെട്ടിരുന്ന ബൾബിനങ്ങളിൽ ഒന്നിന്റെ പോലും എണ്ണത്തിൽ കുറവു വന്നിട്ടില്ല എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ 2010-11 വർഷം മുതലുള്ള തെരുവു വിളക്കുകളുടെ വാങ്ങലുകളിൽ ഓർഡിനറി ബൾബുകൾ ഉൾപ്പെട്ടിരുന്നില്ല എന്നും 2013-14 വർഷം വാങ്ങിയ സി.എഫ്.എൽ ബൾബുകളുടേയും 2015-16 വർഷം വാങ്ങിയ 322 സി.എഫ്.എൽ വിളക്കുകളുടേയും വിവരം ചാർജ് പട്ടികയിൽ ഉൾപ്പെട്ടിരുന്നില്ല എന്നും പരാമർശിച്ചിരുന്നു. 2010-11 വർഷത്തിനു മുൻപായി വാങ്ങിയ(9 വർഷത്തിലധികം പഴക്കമുള്ള) ഓർഡിനറി ബൾബുകൾ നിലവിലും പ്രവർത്തന ക്ഷമമാണ് എന്നത് വിശ്വസനീയമല്ല. മറ്റുള്ള വിളക്കുകളിലും ഒന്നിനു പോലും കേടുപാടുകൾ സംഭവിച്ചിട്ടില്ല എന്നും, എല്ലാ വിളക്കുകളും പ്രവർത്തിക്കുന്നുണ്ട് എന്നതും സത്യവിരുദ്ധമാണ്. അധികൃതരുടെ ജാഗ്രതക്കുറവ് കാരണമാണ് ഇത്തരത്തിൽ തെറ്റായ കണക്കുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടി വരുന്നത്. നിലവിലില്ലാത്ത വിളക്കുകളുടെ കണക്ക് ഒഴിവാക്കി വൈദ്യുതി ചാർജ്ജ് ക്രമീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കാത്തപക്ഷം പഞ്ചായത്തിനുണ്ടാകുന്ന സാമ്പത്തികനഷ്ടം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

ബി) തെരുവു വിളക്കുകൾക്ക് നാളിതുവരെ മീറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടില്ല

സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് യഥാസമയം പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. തെരുവ് വിളക്ക് തെളിയിക്കുന്നതിന് യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ഒടുക്കുകയായിരുന്നെങ്കിൽ ഇല്ലാത്ത വിളക്കുകൾക്ക് ഫിക്സഡ് താരിഫ് നൽകുന്നതു മൂലമുള്ള നഷ്ടം ഒഴിവാക്കാമായിരുന്നു. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 21.01.2006-ൽ തന്നെ സർക്കാർ പുറപ്പെടുവിച്ചിരുന്നു. (നം.9541/ഡി.പി.1 /05/തസ്വഭവ നമ്പർ സർക്കുലർ). തുടർന്ന് 17.05.12-ൽ ഇലക്ട്രിസിറ്റി ബോർഡ് പുറപ്പെടുവിച്ച B.O.(FM)(Genl)No.1007/2012(Plg.Com.3515/98/11-12) നമ്പർ ഉത്തരവ് പ്രകാരം 6 മാസത്തിനകം മീറ്ററിംഗിനുള്ള തുക ഒടുക്കുന്ന പക്ഷം എസ്റ്റിമേറ്റ് തുകയുടെ 50% മാത്രം ഒടുക്കിയാൽ മതിയെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ ചെലവ് ചുരുക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള സുവർണ്ണാവസരം പഞ്ചായത്ത് പ്രയോജനപ്പെടുത്തിയില്ല എന്ന് മാത്രമല്ല, 2018-19 വർഷം മീറ്ററിംഗിനായി പ്രോജക്ട് രൂപീകരിച്ച് 200000രൂപ അടങ്കൽ വകയിരുത്തിയെങ്കിലും ഓഡിറ്റ് തീയതി വരെയും(25.03.2018) പദ്ധതി നടപ്പിലാക്കിയിട്ടുമില്ല.

മീറ്ററിംഗിലേക്ക് മാറിയിട്ടുള്ള പഞ്ചായത്തുകളിൽ വൈദ്യുതി ചാർജ്ജിനത്തിൽ പ്രകടമായ കുറവ് ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കി പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന പാഴ്ചെലവ് ഒഴിവാക്കേണ്ടതാണ്. ഭരണസമിതിയുടേയും വിശിഷ്യാ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും സത്വര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-11 ഓഫീസ് കെട്ടിടങ്ങളുടെ വൈദ്യുത ചാർജ്ജ് കൊമേഴ്സ്യൽ താരിഫിൽ ഈടാക്കുന്നു

ഗ്രാമപ്പഞ്ചായത്ത് ഓഫീസിനോട് അനുബന്ധിച്ചുള്ള 3കെട്ടിടങ്ങളുടെ വൈദ്യുത ചാർജാണ് കൊമേഴ്സ്യൽ താരിഫിൽ ഈടാക്കുന്നത്.

സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെ വൈദ്യുത ചാർജ് LT 6A താരിഫിലാണ് ഈടാക്കേണ്ടത്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളുടെ വൈദ്യുത ചാർജ് കൊമേഴ്സ്യൽ താരിഫ് നിരക്കായ LT 7A നിരക്കിലാണ് ഈടാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ഓഫീസ് കെട്ടിടം | കൺസ്യൂമർ |
|---|---|---|

| നമ്പർ | | നമ്പർ |
|---|---|---|
| 1. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ കെട്ടിടം | 1146073004357 |
| 2. | ലൈബ്രറി കെട്ടിടം | 1146073018302 |
| 3. | കുടുംബശ്രീ കെട്ടിടം | 1146073018303 |

മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ വൈദ്യുത ചാർജ്, സർക്കാർ കെട്ടിടങ്ങളുടെ താരിഫായ LT 6A യിൽ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 പൊതു ടാപ്പുകളുടെ വെള്ളക്കരം - നിലവിലെ കുടിശ്ശിക 17.73 ലക്ഷം രൂപ

ഗ്രാമപ്പഞ്ചായത്ത് നിലവിൽ പ്രതിമാസ വെള്ളക്കരം മാത്രമേ അടവാക്കുന്നുള്ളൂ. മുൻകുടിശ്ശിക തുക അടവാക്കുന്നില്ല. ഇക്കാരണത്താൽ പലിശ ക്രമാതീതമായി വർദ്ധിക്കുന്നു.

2018 മാർച്ച് മാസത്തിലെ വെള്ളക്കരത്തിന്റെ ബിൽ പ്രകാരം പഞ്ചായത്തിൽ 227 ടാപ്പുകളാണുള്ളത്. 2018 മാർച്ച് മാസത്തിലെ വെള്ളക്കര ബില്ലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 28.02.2018 ലെ നീക്കിയിരുപ്പ് | 1305320 |
| ഫൈൻ | 25642 |
| തൻമാസ ഡിമാന്റ് | 99313 |
| ആകെ | 1430275 |

വെള്ളക്കരമിനത്തിലെ കുടിശ്ശികത്തുക റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് അടവാക്കാൻ സർക്കാർ ഉത്തരവുണ്ടായിട്ടും (ജി.ഒ.(എം.എസ്) നം-82/ 2018 തസ്വഭവ തീയതി 19.03.2018) ആയത് പ്രയോജനപ്പെടുത്താതിരുന്നത് പഞ്ചായത്ത് അധികൃതരുടെ ഈ വിഷയത്തിലുള്ള അനാസ്ഥയെയാണ് സൂചിപ്പിക്കുന്നത്. 2017-18 വർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 583632രൂപ ചെലവഴിക്കാതെ ലാപ്സായി എന്നത് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.

1993 ലെ ജലവിതരണ ചട്ടം 7(7) പ്രകാരം ഡിമാന്റ് തുക അടവാക്കാതിരുന്നാൽ പ്രതിമാസം 2% നിരക്കിൽ ഫൈൻ തുക അടവാക്കേണ്ടതുണ്ട്. തൻ മാസ ഡിമാന്റ് തുക മാത്രം അടയ്ക്കുന്നതിനാൽ മുൻ കുടിശ്ശിക തുകയ്ക്ക് പ്രതിമാസം 2% നിരക്കിൽ ഫൈൻ അടയ്ക്കേണ്ടി വരുന്നു. 2018 മാർച്ച് മാസത്തെ ബിൽ പ്രകാരം കുടിശ്ശികയുൾപ്പെടെ ആകെ 14.3ലക്ഷം രൂപയാണ് അടവാക്കാൻ ഉണ്ടായിരുന്നതെങ്കിൽ, 2019 ഫെബ്രുവരി മാസം ഇത് 18.77 ലക്ഷം രൂപയായി വർദ്ധിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 31.01.2019 ലെ നീക്കിയിരുപ്പ് | 1738970 |
| ഫൈൻ | 34110 |
| തൻമാസ ഡിമാന്റ് | 104215 |
| ആകെ | 1877295 |

ഇതിൽ ഫെബ്രുവരി മാസത്തെ ഡിമാന്റ് തുകയായ 1.04ലക്ഷം രൂപ അടവാക്കിയത് കഴിച്ചാൽ, നിലവിലെ കുടിശ്ശിക 17.73 ലക്ഷം രൂപയാണ്.

നിലവിൽ 238 ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കുന്നത്. ഇവയിൽ പ്രവർത്തനക്ഷമമായ ടാപ്പുകൾ എത്രയാണെന്നത് വ്യക്തമല്ല. സമീപ ഭാവിയിലെങ്ങും വാട്ടർ അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഓഡിറ്റ്

തീയതി വരെയും ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. വാട്ടർ അതോറിറ്റി അധികാരികളുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ കൃത്യമായ എണ്ണം കണക്കാക്കേണ്ടതും, അമിത വാട്ടർ ചാർജ് മൂലമുണ്ടാകുന്ന അധികച്ചെലവ് ഒഴിവാക്കേണ്ടതുമാണ്. കടിശ്ശിക തുക അടവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 അക്കൗണ്ട് മാറി തുക ട്രാൻസ്ഫർ ചെയ്തു

ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് പദ്ധതികളിൽ (പ്രോ.നം.46/18(പുതിയത്), പ്രോ.നം.107/18 (സ്പിൽ ഓവർ) 3 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയത് അവരുടെ തന്നെ അക്കൗണ്ടിലേക്കാണോ എന്ന് വ്യക്തമല്ല.

പ്രോജക്ട് ഫയലുകളോടൊപ്പം സൂക്ഷിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പിലെ അക്കൗണ്ട് നമ്പരിനു പകരം മറ്റൊരു ബാങ്ക് അക്കൗണ്ട് നമ്പരിലേക്കാണ് തുക നിക്ഷേപിച്ചിട്ടുള്ളത്. തുക നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ പ്രസ്തുത ഗുണഭോക്താക്കളുടേത് തന്നെയെന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും(നം.23/25.03.2019) മറുപടി ലഭ്യമാക്കിയില്ല. ആയതു കൊണ്ടു തന്നെ ധനസഹായം പ്രസ്തുത ഗുണഭോക്താക്കൾക്ക് തന്നെ ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | | | പാസ്സ് ബുക്കിന്റെ പകർപ്പ് പ്രകാരമുള്ള അക്കൗണ്ട് നമ്പർ | തുക നിക്ഷേപിച്ച ബാങ്ക് അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|---|
| | | പ്രോ.നം. 46/18 (പുതിയത്) | പ്രോ.നം.107/18 (സ്പിൽ ഓവർ) | ആകെ | | |
| 1. | രമ്യാ.കെ.ജോൺ കണ്ടത്തുങ്കൽ കക്കുടുമൺ.പി.ഒ ചേത്തയ്ക്കൽ | 12000 (ബിൽ നം.16/ 23.1.18) | 13700 (ബിൽ നം.1/ 11.7.17) | 25700 | കാത്തലിക് സിറിയൻ ബാങ്ക് 0246-03696892-190701 | കാത്തലിക് സിറിയൻ ബാങ്ക് 0246-03696692-190701 |
| 2. | ശ്യാമ പാപ്പച്ചൻ കാലായിൽ മോതിര വയൽ കക്കുടുമൺ.പി.ഒ | 13500 (ബിൽ നം.16/ 23.1.18) | 13600 (ബിൽ നം.2/ 17.7.17) | 27100 | എസ്.ബി.ഐ 67174731615 | ഐ.ഡി.ബി.ഐ 6163943843 |
| 3. | ഡെയ്സിമോൾ തെക്കൻ മല കോതാനി ഇടമൺ.പി.ഒ | 8000 (ബിൽ നം.16/ 23.1.18) | 8800 (ബിൽ നം.2/ 17.7.17) | 16800 | എസ്.ബി.ഐ 37043334746 | എസ്സ്.ബി.ഐ 67172795526 |
| | ആകെ | 33500 | 36100 | 69600 | | |

ഗുണഭോക്താക്കൾക്ക് നൽകിയ തുക അവരുടെ അക്കൗണ്ടിൽ തന്നെയാണ് നിക്ഷേപിച്ചിട്ടുള്ളതെന്ന് ബോദ്ധ്യപ്പെടാത്ത സാഹചര്യത്തിൽ ആനുകൂല്യം നൽകുന്നതിനു വേണ്ടി ചെലവഴിച്ച തുക 69600രൂപ തടസ്സത്തിൽ വയ്ക്കുന്നു. മതിയായ രേഖകൾ ഹാജരാക്കാത്ത പക്ഷം ചെലവഴിച്ച തുക നിരാകരിക്കുന്നതും നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും. [ഉത്തരവാദിയായ ഉദ്യോഗസ്ഥ- പ്രൊജക്ട് നം.107/18- ശ്രീമതി ഷെറീന-രൂ.36100, പ്രൊജക്ട് നം.46/18- ശ്രീമതി ധനലക്ഷ്മി-രൂ.33500]

## 3-14 വ്യക്തിഗതാനുകൂല്യ പദ്ധതികൾ - ആദ്യ ഗഡു ധനസഹായം കൈപ്പറ്റി - പണി പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ വിവിധ വ്യക്തിഗതാനുകൂല്യ പദ്ധതികളിൽ ആദ്യ ഗഡു ധനസഹായം കൈപ്പറ്റിയിട്ടും പല ഗുണഭോക്താക്കളും നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

(എ) ഒ.ഡി.എഫ് പദ്ധതി - നാളിതുവരെ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2015-16 വർഷം ആരംഭിച്ച ഒ.ഡി.എഫ് പദ്ധതിയിൽ 7 ഗുണഭോക്താക്കൾ ആദ്യ ഗഡുവായി 7000 രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെ പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | ചെക്ക് നമ്പർ/തീയതി |
|---|---|---|---|
| 1. | തങ്കച്ചൻ<br>ഈട്ടിക്കൽ<br>കരികുളം | 7000 | 519139/18.10.2016 |
| 2. | തങ്കമ്മ തമ്പി<br>മൂഴിക്കൽ വീട്<br>ചെല്ലക്കാട് | 7000 | 813703/24.01.2017 |
| 3. | സന്തോഷ്<br>ഒരിപ്പാറ വീട്<br>ചെല്ലക്കാട് | 7000 | 519498/04.11.2016 |
| 4. | സാംസൺ.റ്റി.എ<br>തേരിട്ട മടയ്ക്കൽ<br>ചെല്ലക്കാട് | 7000 | 519513/04.11.2016 |
| 5. | റ്റി.എസ്സ്.മാത്യു<br>കല്ലു പറമ്പിൽ വീട്<br>ചെല്ലക്കാട്.പി.ഒ | 7000 | 518819/03.10.2016 |
| 6. | സോഫിയ<br>പള്ളിപ്പറമ്പിൽ<br>മക്കപ്പുഴ വീട് | 7000 | 518723/17.09.2016 |
| 7. | സോജൻ<br>പരുത്തിയിൽ<br>ചെറുകുളഞ്ഞി | 7000 | 519110/18.10.2016 |

ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാൻ നോട്ടീസ് നൽകേണ്ടതും, പൂർത്തീകരിക്കാത്ത പക്ഷം ആദ്യ ഗഡു പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

(ബി) ഭവന പുനരുദ്ധാരണം സ്പിൽ ഓവർ പദ്ധതി - ആദ്യ ഗഡു കൈപ്പറ്റി നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ശ്രീമതി വി.പി.ഏലിയാമ്മ, വെട്ടിത്തറ, ചേത്തയ്ക്കൽ എന്ന ഗുണഭോക്താവിന് ഭവന പുനരുദ്ധാരണത്തിനായി അഡ്വാൻസ് ഇനത്തിൽ 2016-17 വർഷം 10000രൂപ(ബിൽ നമ്പർ.25/16-17തീയതി 27.03.2017) നൽകിയിട്ടുണ്ട്. 2017-18 വർഷത്തെ സ്പിൽ ഓവർ പദ്ധതിയായ 195/18-ാം നമ്പർ പ്രൊജക്ടിലും പ്രസ്തുത ഗുണഭോക്താവിനായി തുക വകയിരുത്തിയിരുന്നു. എന്നാൽ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല.

പണി പൂർത്തീകരിക്കാൻ നോട്ടീസ് നൽകേണ്ടതും, പൂർത്തീകരിക്കാത്ത പക്ഷം ആദ്യ ഗഡു പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ് .

(സി) ഭവന പുനരുദ്ധാരണം(പുതിയത്) ആദ്യ ഗഡു കൈപ്പറ്റി നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2017-18 വർഷം ഭവന പുനരുദ്ധാരണത്തിനായി (പ്രോ.നം.216/18) ആദ്യ ഗഡുവായി 20000രൂപ കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ(ഓഡിറ്റ് തീയതി വരെ) നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | ചെക്ക് നമ്പർ/തീയതി |
|---|---|---|---|
| 1. | ലിസ്സി മാത്യു<br>ഓലിക്കൽ<br>മക്കപ്പുഴ | 20000 | 1758485/14.03.2018 |
| 2. | സിജോ.സി മാത്യു<br>ചരുവിൽ<br>ചെല്ലക്കാട് | 20000 | 1758617/27.03.2018 |

പ്രസ്തുത ഗുണഭോക്താക്കൾക്ക് നൽകുന്നതിനു വേണ്ടി ചെലവഴിച്ച 40000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അടിയന്തിരമായി പണി പൂർത്തീകരിക്കാത്ത പക്ഷം ഗുണഭോക്താക്കളിൽ നിന്നും തുക പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-15 മരുന്നുവാങ്ങൽ പദ്ധതികൾ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥയായി സാന്ത്വന പരിചരണം, ആരോഗ്യസ്ഥാപനത്തിലേയ്ക്ക് മരുന്നുവാങ്ങൽ എന്നിവയ്ക്കായി തുക മുൻകൂറായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിലേയ്ക്ക് നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പേര് | നം.40/2018, സാന്ത്വന പരിചരണം | നം.42/2018, ആരോഗ്യസ്ഥാപനത്തിലേയ്ക്ക് മരുന്നുവാങ്ങൽ |
|---|---|---|
| അടങ്കൽ തുക | രൂ.779800(വികസനഫണ്ട്) | രൂ.200000<br>(മെയിന്റനൻസ്ഫണ്ട് -റോഡിതരം) |
| ചെലവ് തുക | രൂ.765316 | രൂ.200000 |
| ട്രഷറിബിൽനം./തീയതി<br>(*കെ.എം.എസ്.സി.എൽ-ന് നൽകിയ തുക-411800) | 1/17 /11.08.2017-84630/-<br>6/17/19.02.2018 -151805/-* | 7/17 /19.02.2018 |

| | | |
|---|---|---|
| | 8/17/19.02.2018 – 123106/-<br>9/17/19.02.2018 – 46663/-*<br>10/17/19.02.2018 – 213332/-*<br>12/18/06.03.2018 – 89500/-<br>13/18/26.03.2018 – 56280/- | |
| ലഭ്യമാക്കാനുള്ള മരുന്നുകൾ (തുക) | 401806രൂപ | 115873രൂപ |

നിർവ്വഹണ ഉദ്യോഗസ്ഥയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-16 ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുണ്ടാകുന്ന അതിക്രമങ്ങൾ, അവകാശ ലംഘനം എന്നീ വിഷയങ്ങളിൽ ഇടപെട്ട് അവ പരിഹരിക്കാനും സമാനമായ പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള സാമൂഹ്യസൃഷ്ടിക്കും അവരുടെ അന്തസ്സും പദവിയും ഉയർത്തുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വേണ്ടി പ്രവർത്തിക്കുകയെന്നതാണ് ജാഗ്രതാസമിതിയുടെ ലക്ഷ്യം. പഞ്ചായത്തിൽ ഈ ലക്ഷ്യം കൈവരിക്കുന്നതിനായി പ്രോജക്ട് രൂപീകരിച്ച് വികസന ഫണ്ടിൽ നിന്നും 224230രൂപ തൻ വർഷം ചെലവഴിച്ചിട്ടുണ്ട്. ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വാർഡ് തലത്തിൽ ബോധവത്കരണം നടത്തുന്നതിന് വേണ്ടിയാണ് തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ ബോധവത്കരണ ക്യാമ്പുകൾ നടത്തിയത് ജാഗ്രതാസമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഒരു തരത്തിലും സഹായകരമായിട്ടില്ല. 2017 ഡിസംബർ മാസത്തിനു ശേഷം ജാഗ്രതാ സമിതി യോഗം ചേർന്നിട്ടില്ല. സമിതിയിലേക്ക് പരാതികൾ ലഭിച്ചിട്ടുമില്ല. മാത്രമല്ല ഉത്പാദനപരമല്ലാത്ത ബോധവത്കരണ ക്യാമ്പുകൾ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഏറ്റെടുക്കാൻ പാടുള്ളതല്ലായെന്ന് പതിമൂന്നാം പഞ്ചവത്സര മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുമുണ്ട്. സർക്കാർ നിർദ്ദേശം മറികടന്ന് ഫണ്ട് ചെലവഴിച്ചത് ക്രമപ്രകാരമല്ല. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കു വിനിയോഗിക്കേണ്ട തുകയാണ് ഇത്തരത്തിൽ ചെലവഴിച്ചത്.

പഞ്ചായത്തിരാജ്/നഗരപാലികാസ്ഥാപനങ്ങൾക്കുള്ള സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ ഖണ്ഡിക-12.2(8)-ൽ ജാഗ്രതാസമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് M.S.W യോഗ്യതയുള്ള ഒരു വനിതയെ കരാർ അടിസ്ഥാനത്തിൽ അതാത് തദ്ദേശസ്ഥാപനങ്ങൾക്ക് നിയമിക്കാവുന്നതും വേതനം നൽകാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിന് ഈ ഒരു സാധ്യത പ്രയോജനപ്പെടുത്തി ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ ഇത്തരത്തിൽ കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്. ജാഗ്രതാസമിതികൾ യഥാസമയം യോഗം ചേരുന്നതിനും അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഭരണസമിതിയുടേയും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കാൻ നടപടികളില്ല

2017-18 വർഷം ചുവടെ പറയുന്ന പ്രൊജക്ടുകൾക്കായി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അവ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| പ്രൊജക്ട് | നിക്ഷേപിച്ച | തുക | ബിൽ |
|---|---|---|---|

| | സ്ഥാപനം | | നമ്പർ, തീയതി |
|---|---|---|---|
| S.51/17-18,എസ്.സി കുടുംബങ്ങൾക്ക് പൈപ്പ് ലൈൻ നീട്ടൽ<br>(നിർവ്വഹണം- അസി.സെക്രട്ടറി) | കേരളാ വാട്ടർ അതോറിറ്റി | 412500 | 7/26.3.18 |
| S.52/17-18, എസ്.സി കുടുംബങ്ങൾക്ക് പൈപ്പ് ലൈൻ നീട്ടൽ (വനിത)<br>(നിർവ്വഹണം- അസി.സെക്രട്ടറി) | ,, | 75000 | 8/26.3.18 |

മുൻവർഷങ്ങളിലേത് ഉൾപ്പെടെ വാട്ടർ അതോറിറ്റിയിൽ 913664രൂപയും, കെ.എസ്.ഇ.ബി-യിൽ 101250രൂപയും, പി.ഡബ്ല്യ.ഡി-യിൽ 300000രൂപയും വിനിയോഗസർട്ടിഫിക്കറ്റ് ലഭിക്കാതെ അവശേഷിക്കുന്നതായി വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ നിന്നും വ്യക്തമാകുന്നു.

പൂർത്തീകരിക്കാത്ത പ്രവ്യത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 ആശ്രയ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല

സമൂഹത്തിലെ നിരാലംബരും, നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. രണ്ടു ഘട്ടങ്ങളിലായാണ് ആശ്രയ പദ്ധതി ഗ്രാമപ്പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതികളുടെ ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

ഒന്നാം ഘട്ടം

| ഫണ്ടിനം | ലഭ്യമായ തുക | ചെലവഴിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|
| വികസന ഫണ്ട് | 400000 | 255000 | 145000 |
| ചലഞ്ച് ഫണ്ട് | 490000 | 469456 | 20544 |
| ആകെ | 890000 | 724456 | 165544 |

പലിശ ഉൾപ്പെടെ നിലവിൽ 399840 രൂപ പ്രസ്തുത അക്കൗണ്ടിൽ ചെലവഴിക്കാൻ അവശേഷിക്കുന്നു.

രണ്ടാം ഘട്ടം

| ഫണ്ടിനം | ലഭ്യമായ തുക | ചെലവഴിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|
| വികസന ഫണ്ട് | 1750000 | 50000 | 1700000 |
| ചലഞ്ച് ഫണ്ട് | 1012496 | 836334 | 176162 |
| ആകെ | 2762496 | 886334 | 1876162 |

പലിശ ഉൾപ്പെടെ നിലവിൽ 2051373രൂപ അക്കൗണ്ടിൽ ചെലവഴിക്കാൻ അവശേഷിക്കുന്നു. വീട് അറ്റകുറ്റപ്പണിയ്ക്കായി 50000 രൂപ മാത്രമാണ് വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. ഭക്ഷണവിതരണം മാത്രമാണ് പദ്ധതി പ്രവർത്തനമായി പ്രധാനമായും നടക്കുന്നത്.

ഭക്ഷണം, വീട് നിർമ്മാണം, ചികിത്സ, വിദ്യാഭ്യാസ സഹായം, വസ്ത്ര വാങ്ങൽ തുടങ്ങിയ പരിചരണ സേവനങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് കർമ്മ പദ്ധതി തയ്യാറാക്കിയതെങ്കിലും ഈയിനത്തിൽ സേവനങ്ങൾ ഒന്നും തന്നെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടില്ല. അഗതി കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിവർത്തിക്കുക എന്നതിലുപരിയായി അവരുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥ ഇല്ലാതാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക എന്നതാണ് ആശ്രയ പദ്ധതിയുടെ ലക്ഷ്യം. എന്നാൽ ഗ്രാമപഞ്ചായത്തിലെ ആശ്രയപദ്ധതി നടത്തിപ്പ് ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്ന രീതിയിലല്ല. പദ്ധതിയുടെ മോണിട്ടറിംഗ് നടക്കുന്നില്ല. വിലയിരുത്തൽ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും യോഗം ചേരുകയോ പദ്ധതിയുടെ വിലയിരുത്തൽ നടത്തുകയോ ചെയ്തിട്ടില്ല. ഈ വിഷയത്തിൽ സി.ഡി.എസ്-ന്റെയും, പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു. ആശ്രയ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് | നിലവിലെ അവസ്ഥ |
|---|---|---|---|---|---|---|
| റാന്നി അങ്ങാടി ഗ്രാമ പഞ്ചായത്ത് | 31.1.18 | 1640000 | S.243/17-18, ക്രിമറ്റോറിയം നിർമ്മാണം | | | |
| റാന്നി ഗ്രാമ പഞ്ചായത്ത് | 28.2.18 | 1000000 | ,, | | | |
| ചെറുകോൽ ഗ്രാമ പഞ്ചായത്ത് | ,, | 1006866 | ,, | | | |
| ,, | ,, | 100000 | ,, | | | |
| | ആകെ | 3746866 | | 1600000 | 2146866 | നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 14.2.18 | 400000 | ന്യൂട്രീഷൻ പ്രോഗ്രാം | 400000 | 0 | പദ്ധതി പൂർത്തീകരിച്ചു |
| ,, | 15.2.18 | 175000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 168200 | 6800 | പദ്ധതി പൂർത്തീകരിച്ചു |

പൂർത്തീകരിക്കാത്ത പദ്ധതികൾ പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| പ്രൊജക്ട് | നിക്ഷേപിച്ച | തുക | ബിൽ | പൂർത്തീകരണ |
|---|---|---|---|---|

| | സ്ഥാപനം | | നമ്പർ, തീയതി | വിവരങ്ങൾ |
|---|---|---|---|---|
| S.51/17-18,എസ്.സി കുടുംബങ്ങൾക്ക് പൈപ്പ് ലൈൻ നീട്ടൽ (നിർവ്വഹണം- അസി.സെക്രട്ടറി) | കേരളാ വാട്ടർ അതോറിറ്റി | 412500 | 7/26.3.18 | പൂർത്തീകരിച്ചില്ല |
| S.52/17-18, എസ്.സി കുടുംബങ്ങൾക്ക് പൈപ്പ് ലൈൻ നീട്ടൽ (വനിത) (നിർവ്വഹണം- അസി.സെക്രട്ടറി) | ,, | 75000 | 8/26.3.18 | ,, |

പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശം | ഉത്തരവ് നമ്പർ, തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ(സാധാ) 560/2010 /ത.സ്വ.ഭ.വ/ 22.2.10 | 11656500 | 341962 | 0 | 341962 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | രൂ.113300472 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | രൂ.67871546 |
| വരവിനങ്ങളിലുള്ള നഷ്ടം | രൂ.20000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | രൂ.238425 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | രൂ.1427082 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 20000 | -- | ശ്രീമതി ആർ.ശ്രീലേഖ, സെക്രട്ടറി |
| 3-1 | -- | 156099 | 1.ശ്രീ.പ്രവീൺകുമാർ.എൻ.വി, അസി.എഞ്ചിനീയർ<br>2.ശ്രീമതി അനിതാകുമാരി.എം.റ്റി, അസി.എഞ്ചിനീയർ<br>3.ശ്രീ.ശ്രീറാം.എൽ.എസ്, ഓവർസിയർ (അസി.എഞ്ചിനീയറുടെ ചാർജ്)<br>4.ശ്രീമതി ലത.എം.എസ്, അസി.എക്സി.എഞ്ചിനീയർ |
| 3-2 | -- | 82326 | ശ്രീമതി അനിതാകുമാരി.എം.റ്റി, അസി.എഞ്ചിനീയർ |
| ആകെ | 20000 | 238425 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5(എ) | 457344 | ശ്രീ.സാമുവേൽ.എസ്.തോമസ്, സെക്രട്ടറി |
| 3-5(ബി) | 298900 | ശ്രീ.ശ്രീറാം.എൽ.എസ്, ഓവർസിയർ (അസി.എഞ്ചിനീയറുടെ ചാർജ്) |
| 3-7 | 58025 | ശ്രീ.കെ.സന്തോഷ് കുമാർ, അസി.സെക്രട്ടറി |
| 3-8 | 75000 | ശ്രീ.കെ.സന്തോഷ് കുമാർ, അസി.സെക്രട്ടറി |
| 3-9 | 428213 | ശ്രീ.പ്രവീൺകുമാർ.എൻ.വി, അസി.എഞ്ചിനീയർ |
| 3-13 | 69600 | 1.ശ്രീമതി ധനലക്ഷ്മി.എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ-രൂ.33500 |

| | | |
|---|---|---|
| | | 2.ശ്രീമതി ഷെറീന, ഐ.സി.ഡി.എസ് സൂപ്പർവൈസർ- രൂ.36100 |
| 3-14(സി) | 40000 | ശ്രീ.ദീപു.ഡി, വി.ഇ.ഓ |
| ആകെ | 1427082 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക |
|---|---|
| ഇല്ല | |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക- 3-8, 3-10(എ)

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | സ്ഥിരവിലാസം | ഓഡിറ്റ് വേളയിലെ വിലാസം |
|---|---|---|
| ശ്രീമതി ആർ.ശ്രീലേഖ, സെക്രട്ടറി | 'മാലേത്ത് ',<br>മുളമ്പുഴ,<br>പന്തളം.പി.ഓ | സെക്രട്ടറി,<br>റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്ത് |
| ശ്രീ.പ്രവീൺകുമാർ.എൻ.വി, അസി.എഞ്ചിനീയർ | 'പ്രവീൺ വിഹാർ ',<br>ഊരൂട്ടമ്പലം.പി.ഓ,<br>തിരുവനന്തപുരം-695507 | അസി.എഞ്ചിനീയർ,<br>അമ്പൂരി ഗ്രാമപഞ്ചായത്ത് |
| ശ്രീമതി അനിതാകുമാരി.എം.റ്റി, അസി.എഞ്ചിനീയർ | 'സൗപർണ്ണിക ',<br>ആനന്ദപ്പള്ളി.പി.ഓ,<br>അടൂർ-691525 | അസി.എഞ്ചിനീയർ,<br>റാന്നി-പെരുനാട് ഗ്രാമപഞ്ചായത്ത് |
| ശ്രീ.ശ്രീറാം.എൽ.എസ്, ഓവർസിയർ (അസി.എഞ്ചിനീയറുടെ ചാർജ്) | 'ലക്ഷ്മി ',<br>പാലോട്ടുവിള,<br>മലയിൻകീഴ്.പി.ഓ,<br>തിരുവനന്തപുരം-695571 | ഓവർസിയർ,<br>പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം |
| ശ്രീമതി ലത.എം.എസ്, അസി.എക്സി.എഞ്ചിനീയർ | മാരേറ്റ് തെക്കേവീട്ടിൽ,<br>പുതുശ്ശേരി.പി.ഓ, മല്ലപ്പള്ളി | എക്സി.എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ, തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ |
|---|---|---|

| | | |
|---|---|---|
| | | എണ്ണം |
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 4/399/98 തീയതി 29.09.2000 | മുഴവൻ ഖണ്ഡികകളും |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 4/340/98 തീയതി 10.02.1999 | 2 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/531/98 തീയതി. 10.01.2000/08.02.2000 | 2 |
| 1998-99 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി 4/916/07 തീയതി 13-10-08 | മുഴവൻ ഖണ്ഡികകളും |
| 1999-2000 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 4/118/01 തീയതി 28.10.2002/07.01.2003 | ,, |
| 1999-2000 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി 4/460/08 തീയതി 31.01.09/30.01.2010 | 14 |
| 2000-01 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി 4/461/2008 തീയതി 31-01-09 | മുഴവൻ ഖണ്ഡികകളും |
| 2000-01 (ജനകീയാസൂത്രണം ഒഴികെ ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/81 /2006തീയതി 08-08-2006 | ,, |
| 2000--01 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ-പി.4/90/2004 തീയതി 10-08-2004 | ,, |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4/462/2008 തീയതി 31-01-2009 | ,, |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/91/2004 തീയതി 10-08-2004 | ,, |
| 2001-02 (ജ.ആ. ഒഴികെ ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 4/82/2006 തീയതി 31-08-2006 | 8 |
| 2002-03 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി4/463/2008 തീയതി 12-02-2009 | മുഴവൻ ഖണ്ഡികകളും |
| 2002-03 (ജ.ആ. ഒഴികെ ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/15 /2007തീയതി 12-02-2009 | 10 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി.5/360/09തീയതി 4-7-10/22-3-11 | 6 |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.8/944/2010 തീയതി 24-6-11/ 29-7-11 | 5 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി8/945/10 തീയതി24-6-11/29-7-11 | 5 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.6/571/12 തീയതി 6-7-12/4-7-13 | 7 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി 6/567/12 തീയതി 3-9-12/4-7-13 | 15 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി 6/568/12 തീയതി 3-9-12/4-7-13 | 7 |
| 2009-10 | എൽ.എഫ്.പി.റ്റി.എ-പി 6/569/12 തീയതി 1-8-12/4-7-13 | 4 |
| 2010-11 | എൽ.എഫ്.പി.റ്റി.എ-പി6/570/12 തീയതി 1-8-12/4-7-13 | 6 |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി6/411/14 തീയതി 7-6-14/4-6-15 | 20 |
| 2013-14 & 2014-15 | എൽ.എഫ്.പി.റ്റി.എ-പി6/166/16 തീയതി 16/03/2016 | 20 |
| 2015-16 | കെ.എസ്സ്.എ/പി.റ്റി.എ /പി6/1211/2016 തീയതി 21.11.2016 | 19 |
| 2016-17 | കെ.എസ്സ്.എ/പി.റ്റി.എ /പി-6/1109/17/ 16.9.17 | 20 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി.6/266/2019 തീയതി 30.4.19

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-12-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട

No.KSA.PTA.P-6/266/2019 Date: 30.4.19

CERTIFICATE

Certified that I have examined the Annual Financial Statement of Ranni Pazhavangadi Grama Panchayat in Pathanamthitta district for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Ranni Pazhavangadi Grama Panchayat for the year 2017-18 except the observations in para 1-12 of my report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director(H.G)

Kerala State Audit Department

Pathanamthitta